# അൽ ഫദ്

AHMADIYYA — LOVE FOR ALL HATRED FOR NONE — NEWS BULLETTIN

A PUBLICATION OF MAJLIS KHUDDAM-UL-AHMADIYYA - KERALA | ഫെബ്രുവരി 2008 | PRIVATE CIRCULATION



മൂന്നാം പേജിൽ — റബ്‌വ: രക്തസാക്ഷികളുടെ നഗരം

നാലാം പേജിൽ — ശ്രദ്ധേയമായ മുസ്‌ലിഹ് മൗഊദ് ദിനം ദിനം



ആറാം പേജിൽ — ഘാന സർജിക്കൽ മിഷൻ




ഏഴാം പേജിൽ — ന്യൂനപക്ഷ പീഡനം; പാക്കിസ്ഥാൻ മുന്നോട്ട്



എട്ടാം പേജിൽ — പ്രതിമാസം — ഫിദൽ കാസ്ട്രോ- കറുപ്പും വെളുപ്പും


# നമസ്കാരം കൈവെടിയരുത്

**ഹദ്റത്ത് മിർസാ മസ്‌റൂർ അഹ്മദ്(അയ്യദഹുല്ലാഹ്)**



**14**-ാം നൂറ്റാണ്ടിൽ നബി(സ) തിരുമേനിയുടെ സത്യസന്ധനായ ഒരു പ്രേമി വെളിപ്പെടുമായിരുന്നുവെന്നത് ഓരോ അഹ്മദിക്കും അറിയുന്ന കാര്യമാണ്. ദീർഘമായ ഒരു അന്ധകാരകാലഘട്ടത്തിനു ശേഷം ആ മഹാത്മാവ് നബി(സ) തിരുമേനി കൊണ്ടുവന്ന അധ്യാപനത്തെ ലോകത്ത് പുനഃസ്ഥാപിക്കണമായിരുന്നു. ആ സത്യസന്ധനായ പ്രേമിയും മസീഹ് മഹ്ദിയും വെളിപ്പെട്ടു. ആ മസീഹ് മഹ്ദിയ്ക്ക് ബയ്അത്ത് ചെയ്ത് ആ മഹാത്മാവിന്റെ ജമാഅത്തിൽ പ്രവേശിക്കാൻ ഭാഗ്യം കിട്ടിയവരാണ് നമ്മൾ. എന്നാൽ, ഏതൊരുദ്ദേശ്യത്തിനായി ആ മഹാത്മാവ് നിയോഗിതനായിരുന്നുവോ, ആ ഉദ്ദേശ്യം കേവലം നമ്മുടെ ബയ്അത്തു കൊണ്ട് പൂർത്തിയാകുമോ? അതല്ല, ഈ ബയ്അത്ത് നമ്മെ വല്ല ചുമതലകളും ഏല്പിക്കുന്നുണ്ടോ? നമ്മുടെ യജമാനരായ ഹദ്റത്ത് മുഹമ്മദ് മുസ്തഫാ(സ)യോട് ചേർന്നവരും, ആ മഹാത്മാവിന്റെ ബയ്അത്ത് വൃത്തത്തിൽ വന്നവരും ആ ധന്യാത്മാവിന്റെ സമുദായമായിത്തീർന്നവരും നിറവേറ്റിയിരുന്ന ചുമതലകൾ നമ്മെ ഏല്പിക്കുന്നുണ്ടോ? തീർച്ചയായും ഇതിനുള്ള ഓരോ അഹ്മദിയുടേയും മറുപടി, ഈ മസീഹ് മഹ്ദിക്ക് ബയ്അത്ത് ചെയ്യുന്നവരിലും, ആ ധന്യാത്മാവിന്റെ ജമാഅത്തിൽ പ്രവേശിക്കുന്നവരിലും നബി(സ)യുടെ കാലഘട്ടത്തിലുണ്ടായിരുന്നവരിൽ അർപ്പിക്കപ്പെടുകയും നല്ലവണ്ണം അവർ നിറവേറ്റുകയും ചെയ്ത ആ ചുമതലകൾ, തങ്ങളിലും അർപ്പിക്കപ്പെട്ടിരിക്കുന്നുവെന്നുതന്നെയായിരിക്കും.

ഹദ്റത്ത് മസീഹ് മൗഊദ്(അ) ഒരിടത്ത് പറയുന്നു: "*വ ആഖരീന മിൻഹും ലമ്മാ യൽഹഖൂബിഹിം*, അതായത് നബികരീം(സ) തന്റെ ഉമ്മത്തിലെ അവസാനം വരുന്ന സംഘക്കാർക്ക് തന്റെ അന്തസ്ഥിതമായ ദയാദൃഷ്ടികൾ മുഖേന തന്റെ സ്വഹാബാക്കൾക്ക് ശുദ്ധീകരണം നടത്തിയതുപോലെ, ശുദ്ധീകരണം നടത്തുന്നതാണ്." ഈ അന്തസ്ഥിതമായ ദയാദൃഷ്ടികൾ, ഒരു ജമാഅത്ത് സ്ഥാപിക്കേണ്ടിയിരുന്ന ആ സത്യസന്ധനായ പ്രേമിയും ആ മസീഹ് മഹ്ദിയും മുഖേന വെളിപ്പെടേണ്ടിയിരുന്നു. ആ മഹാത്മാവ് ഈ അവസാനം വെളിപ്പെട്ട ജമാഅത്തിനെ ആദ്യം വന്ന ജമാഅത്തുമായി കൂട്ടിച്ചേർക്കണമായിരുന്നു. അങ്ങനെ ഹദ്റത്ത് മസീഹ് മൗഊദ്(അ) ന്റെ ജീവിതത്തിൽ, ലക്ഷക്കണക്കിന്

(ശേഷം 8-ാം പേജിൽ)

# ഖിലാഫത്ത് ശതവാർഷിക ജൂബിലിക്ക് തയ്യാറെടുക്കുക: അഖിലേന്ത്യാ സദ്ർ

**കോഴിക്കോട്:** നാമേവരും പ്രതീക്ഷിച്ചിരിക്കുന്ന അസുലഭമുഹൂർത്തമായ ഖിലാഫത്ത് ശതവാർഷിക ജൂബിലി വരവേല്ക്കാൻ ഖാദിമീങ്ങൾ ഇപ്പോൾത്തന്നെ തയ്യാറാകണമെന്ന് ഖുദ്ദാമുൽ അഹ്മദിയ്യാ ഭാരത് സദ്ർ ജനാബ് ഇസ്മായീൽ ത്വാഹിർ സാഹിബ് ഉദ്ബോധനം ചെയ്തു. ഖുദ്ദാമുൽ അഹ്മദിയ്യായുടെ ലായെ അമൽ റിഫ്രെഷർ ഫോർ ക്ലാസ്സ് ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. ജമാഅത്തിനു വേണ്ടി പരമാവധി സമയം ചെലവഴിക്കാൻ ശ്രമിക്കണമെന്ന് മുസ്‌ലിഹ് മൗഊദിന്റെയും മറ്റ് ഖലീഫമാരുടെയും സർ മുഹമ്മദ് സഫറുല്ലാഹ്ഖാൻ സാഹിബിന്റെയും ഉദാഹരണങ്ങൾ വിശദീകരിച്ചുകൊണ്ട് അദ്ദേഹം അഭ്യർത്ഥിച്ചു. ലായെ അമൽ മലയാളവിവർത്തനത്തിന്റെയും നോർത്ത് ഇലാഖാ പ്രവർത്തന രൂപരേഖയുടെയും പ്രകാശനവും അദ്ദേഹം നിർവ്വഹിച്ചു. അഖിലേന്ത്യാ നായിബ് സദ്ർ ഡോ. സലാഹുദ്ദീൻ സാഹിബ്, നോർത്ത് ഇലാഖാ ഖായിദ് ജനാബ് ശഫി അഹ്മദ് സാഹിബ്, സൗത്ത് ഇലാഖാ ഖായിദ് ജനാബ് ഇ.എച്ച്. നജീബ് സാഹിബ് എന്നിവരും സംബന്ധിച്ചു. നോർത്ത്-സൗത്ത് മജ്‌ലിസെ ആമിലാ അംഗങ്ങളും ഖായിദുമാരും പ്രാദേശിക മജ്‌ലിസെ ആമിലാ അംഗങ്ങളും ക്ലാസ്സിൽ പങ്കെടുത്തു.



# വീണ്ടും കാർട്ടൂൺ വിവാദം

**കോപ്പൻഹേഗൻ:** മുഹമ്മദ് നബി(സ)യെ ചിത്രീകരിക്കുന്ന കാർട്ടൂൺ പരമ്പര സ്വീഡിഷ് പത്രമായ ജെയ്‌ലാന്റ്സ് പോസ്റ്റണിൽ ആദ്യം പ്രത്യക്ഷപ്പെടുന്നത് 2005 സെപ്തംബർ 30-നാണ്. അന്ന് ഈ പത്രം അവകാശപ്പെട്ടത് ഇസ്‌ലാമിനെതിരെയുള്ള വിമർശനങ്ങളുമായി ബന്ധപ്പെട്ട സംവാദത്തിൽ പങ്കെടുക്കുകയാണ് എന്നായിരുന്നു. തുടർന്ന് മുസ്‌ലിം പ്രതിഷേധം കൊടുമ്പിരിക്കൊണ്ടു. സ്വാഭാവികമായും ഈ പ്രതിഷേധ പ്രകടനങ്ങൾ അക്രമത്തിലേക്കു തിരിഞ്ഞു. ഇങ്ങനെയുള്ള അക്രമാസക്ത പ്രതിഷേധങ്ങൾ നൂറോളം ജീവനപഹരിച്ചു. ഒട്ടേറെ വസ്തുവകകൾ നശിപ്പിക്കപ്പെട്ടു. സിറിയ, ലെബനോൺ, ഇറാൻ തുടങ്ങിയ രാജ്യങ്ങളിലെ ഡെൻമാർക്ക് എംബസികൾ ആക്രമിക്കപ്പെട്ടു.

ജെയ്‌ലാന്റ് പോസ്റ്റണിലെ 12-ഓളം കാർട്ടൂണിസ്റ്റുകൾ ചേർന്നാണ് 12 കാർട്ടൂണുകൾ ഉൾപ്പെടുന്ന ഒരു ശൃംഖല പ്രസിദ്ധീകരിച്ചത്. വിവാദത്തെ തുടർന്ന് വിവിധ രാജ്യങ്ങളിലായി 50-ലധികം പത്രമാധ്യമങ്ങൾ ഈ കാർട്ടൂണുകൾ പുനഃപരിശോധിച്ചിട്ടുണ്ട്. വിവാദവും അക്രമങ്ങളും കെട്ടടങ്ങിയപ്പോൾ ഡെന്മാർക്കിലെ ഏതാനും മുസ്‌ലിം സംഘടനകൾ ജയ്‌ലാൻ പോസ്റ്റൺ പത്രത്തിനെതിരെ ഡാനിഷ് പോലീസിന് പരാതി കൊടുത്തിരുന്നു. എന്നാൽ, പിന്നീട് ഈ പരാതിയിന്മേൽ ഡെന്മാർക്ക് ഗവർമ്മെന്റ് കൂടുതൽ അന്വേഷണം നടത്തിയില്ല. പിന്നീട് ജെയ്‌ലാന്റ് പോസ്റ്റൺ മുസ്‌ലിം വായനക്കാരുമായി നിരന്തരം ആശയസമരം നടത്തിയിരുന്നു. മുസ്‌ലിം വിശ്വാസങ്ങളെ ഹനിക്കുകയല്ല തങ്ങളെന്നും ഇത്തരം കാർട്ടൂണുകൾ തങ്ങളുടെ അഭിപ്രായപ്രകടന സ്വാതന്ത്ര്യത്തിന്റെ പ്രശ്നമാണെന്നുമായിരുന്നു പത്രത്തിന്റെ നിലപാട്.

എന്തായാലും ഇപ്പോൾ 2008-ൽ സ്ഥിതിഗതികൾ പാടെ മാറിമറിഞ്ഞിരിക്കുന്നു. ഇതിന് കാരണമായത് ഒരു അറസ്റ്റും തുടർ നടപടികളുമായിരുന്നുവെന്നതാണ് ഏറെ രസകരം. 2008 ഫെബ്രുവരി 18-ാം തിയ്യതി മൂന്നുപേരെ അറസ്റ്റ് ചെയ്തിരുന്നു. ഇക്കൂട്ടത്തിൽ രണ്ടുപേർ ടൂണിഷ്യക്കാരും മറ്റൊരാൾ മോറോക്കൻ പശ്ചാത്തലമുള്ള ഡെന്മാർക്കുകാരനുമായിരുന്നു. ഇവർ ഡാനിഷ് പത്രങ്ങളിൽ വിവാദ കാർട്ടൂൺ വരച്ചുകൊടുത്ത കർട്ട് വെസ്റ്റർഗാർഡ് എന്ന കാർട്ടൂണിസ്റ്റിനെ വധിക്കാൻ എത്തിയതാണ് എന്നായിരുന്നു ആരോപണം. ഇക്കാര്യം ഡെന്മാർക്കിലെ പത്രലോകത്തെ പ്രകോപിപ്പിച്ചു. തങ്ങളുടെ അഭിപ്രായപ്രകടന സ്വാതന്ത്ര്യം ഏറെ വിലപ്പെട്ടതാണെന്ന് പ്രഖ്യാപിച്ചുകൊണ്ട് എല്ലാ പ്രധാന ഡാനിഷ്പത്രങ്ങളും മുഹമ്മദ് നബി(സ)യെ ചിത്രീകരിക്കുന്ന കാർട്ടൂൺ പുനഃപ്രസിദ്ധീകരിച്ചു. ഇക്കൂട്ടത്തിൽ വിവാദ കാർട്ടൂൺ ആദ്യഘട്ടത്തിൽ പ്രസിദ്ധീകരിക്കാതിരുന്ന 'പൊളിറ്റിക്കൽ' പത്രം പോലുമുണ്ടായിരുന്നു.



# ഇന്ത്യൻ പ്രതിനിധി സംഘം ഹുസൂറിനെ സന്ദർശിച്ചു

**ലണ്ടൻ:** ഹോശിയാർപൂർ എം.പി. അവിനാദ് ഖന്നയുടെ നേതൃത്വത്തിൽ ഒരു സംഘം ലണ്ടനിൽ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്‌റൂർ അഹ്മദ് (അയ്യദഹുല്ലാഹ്) സാഹിബുമായി കൂടിക്കാഴ്ച നടത്തി. ഒരു മണിക്കൂറോളം നീണ്ട അനൗപചാരിക കൂടിക്കാഴ്ചയിൽ അന്താരാഷ്ട്ര രാഷ്ട്രീയസ്ഥിതിഗതികളും, മതങ്ങൾ തമ്മിലുള്ള ബന്ധം തുടങ്ങിയ കാര്യങ്ങളും പരാമർശിക്കപ്പെട്ടു. നൂതന വർത്താവിനിമയോപാധികളുടെ സഹായത്താൽ ലോകത്തിന്റെ വിസ്തൃതി ചുരുങ്ങിക്കൊണ്ടേയിരിക്കുകയാണെന്ന് കൂടിക്കാഴ്ചയിൽ ശ്രീ അവിനാദ് ഖന്ന അഭിപ്രായപ്പെട്ടു. ഇതിനോട് യോജിച്ച ഹുസൂർ മനുഷ്യസ്നേഹത്തിന്റെ പരിധി വിപുലപ്പെടുത്തേണ്ടതാണെന്ന് പറഞ്ഞു.

കൂടിക്കാഴ്ചയിൽ നല്ല നേതാക്കളുടെ പ്രാധാന്യത്തെക്കുറിച്ച് ഹുസൂർ പ്രതിനിധി സംഘത്തോട് സംസാരിച്ചു. കൂടാതെ വിവിധ രാജ്യങ്ങളിൽ അഹ്മദിയ്യാ ജമാഅത്ത് നേരിടേണ്ടിവരുന്ന കൊടിയ പീഡനങ്ങൾ ഹുസൂർ വിവരിച്ചു. മതപരമായ എന്തൊക്കെ വീക്ഷണ വ്യതിയാനങ്ങളുണ്ടായാലും നാമൊക്കെ മനുഷ്യരാണ് എന്ന ചിന്ത വ്യത്യസ്ത വിഭാഗങ്ങൾക്ക് കൂടിയേതീരൂ. അഹ്മദിയ്യാ വിശ്വാസപ്രമാണങ്ങളുടെ വ്യത്യസ്തത വളരെ വിശദമായിത്തന്നെ ഖലീഫത്തുൽ മസീഹ് തന്റെ സന്ദർശകരോട് വിശദീകരിക്കുകയുണ്ടായി.



# മുസ്‌ലിഹ് മൗഊദ് ദിനം

**അലനെല്ലൂർ:** പ്രാദേശിക ജമാഅത്തിന്റെ ആഭിമുഖ്യത്തിൽ ഫെബ്രുവരി 20–ന് മുസ്‌ലിഹ് മൗഊദ് ദിനം ആഘോഷിച്ചു. പ്രാദേശിക ജമാഅത്ത് പ്രസിഡന്റ് എം. അബ്ദുൽ ബശീർ അധ്യക്ഷത വഹിച്ചു. ഖിലാഫത്ത് ജൂബിലിയിലേക്ക് നാം പ്രവേശിക്കുന്ന ഈ വേളയിൽ, സുദീർഘമായ 52 വർഷക്കാലം എല്ലാ പ്രതിസന്ധിഘട്ടങ്ങളേയും തരണം ചെയ്തുകൊണ്ട് ഖിലാഫത്തിന്റെ സാരഥ്യം ഏറ്റെടുത്ത, കേവലം 25–ാമത്തെ വയസ്സിൽ ഖലീഫയായ മുസ്‌ലിഹ് മൗഊദ്(റ)ന്റെ അനുഗൃഹീത ജീവിതത്തെക്കുറിച്ച് മനസ്സിലാക്കാനും പഠിക്കാനും നാം തയ്യാറാവണമെന്ന് അദ്ദേഹം പറഞ്ഞു. മൗലവി ഖമറുദ്ദീൻ സാഹിബ് യോഗത്തിൽ മുഖ്യപ്രഭാഷണം നടത്തി. സൂറത്തുന്നൂറിൽ അല്ലാഹു വാഗ്ദാനം ചെയ്തിട്ടുള്ള ഖിലാഫത്തിന്റെ യഥാർത്ഥ അവകാശികൾ അഹ്‌മദികളാണെന്നും, ഭൗതികമായ നിലയിൽ പ്രഗത്ഭരായി വിരചിച്ച പലരും മുസ്‌ലിഹ് മൗഊദ്(റ)ന്റെ കാലഘട്ടത്തിൽ പുറത്തേക്ക് പോയത് ഖിലാഫത്തിന്റെ അനുഗ്രഹവും മഹത്വവും മനസ്സിലാക്കാതെയാണെന്നും, ഖിലാഫത്ത് ജൂബിലിക്കായി ഹുസൂർ നിർദ്ദേശിച്ച ദുആകൾ ചൊല്ലുന്ന കാര്യത്തിൽ നാം ഒരിക്കലും വീഴ്ച വരുത്തരുതെന്നും അദ്ദേഹം പറഞ്ഞു. സി. സിറാജുൽ മുനീർ, സി. ബശീർ അഹ്‌മദ് എന്നിവർ പ്രസംഗിച്ചു. സി. ഷെനിൽ ഖുർആൻ പാരായണം നടത്തി. എം. മുനവ്വർ അഹ്‌മദ് പദ്യം ചൊല്ലി. (മലയാള മനോരമ, മാതൃഭൂമി പത്രങ്ങളിൽ യോഗത്തിന്റെ റിപ്പോർട്ട് പ്രസിദ്ധീകരിക്കപ്പെട്ടു).

**കടലായി:** കടലായി ഖുദ്ദാമുൽ അഹ്‌മദിയ്യായുടെ ആഭിമുഖ്യത്തിൽ ഫെബ്രുവരി 23–ന് പള്ളിയിൽവച്ച് മുസ്‌ലിഹ് മൗഊദ് ദിനയോഗം നടന്നു. യോഗത്തിൽ മൗലവി മുഹമ്മദ് ശരീഫ് സാഹിബ് മുഖ്യപ്രഭാഷണം നടത്തി. വാഗ്ദത്തപുത്രനായ മുസ്‌ലിഹ് മൗഊദിനെക്കുറിച്ചുള്ള പ്രവചനങ്ങൾ പൂർത്തിയാക്കി നമ്മെ അനുഗ്രഹിച്ച അല്ലാഹുവിന് നന്ദി പറയാനും, മുസ്‌ലിഹ് മൗഊദിന്റെ പ്രവർത്തനങ്ങൾ സ്മരിക്കുന്നതിനുമാണ് മുസ്‌ലിഹ് മൗഊദ് ദിനയോഗം ചേരുന്നതെന്ന് വിശദീകരിച്ച അദ്ദേഹം വാഗ്ദത്തപുത്രനെ കുറിച്ച് അദ്ദേഹത്തിന്റെ സഹചാരികൾ രേഖപ്പെടുത്തിയ അനുഭവങ്ങൾ വിശദീകരിച്ചു. ഖാഇദ് ടി. ആശിഖ് അധ്യക്ഷനായിരുന്നു. ജനാബ് എം.പി. ഉസ്മാൻ സാഹിബ് ഖുർആൻ പാരായണവും ജനാബ് സി.പി. മുഹമ്മദ് ശംസീർ സാഹിബ് വാഗ്ദത്തപുത്രനെക്കുറിച്ചുള്ള 40 പ്രവചനങ്ങളുടെ വായനയും നടത്തി. മുഹമ്മദ് റസൽ സാഹിബ് പദ്യാലാപനം ചെയ്തു.

**മണ്ണാർക്കാട്:** 20.2.08 മണ്ണാർക്കാട് ജമാഅത്തിൽ ജനാബ് എം.കെ. അബ്ദുൽ അസീസ് സാഹിബ് അൻസാറുല്ലാ (നാസിം ഇലാഖ പാലക്കാട്)ന്റെ അധ്യക്ഷതയിൽ മുസ്‌ലിഹ് മൗഊദ് ദിനം ആചരിച്ചു. പ്രസ്തുത യോഗത്തിൽ ഖുർആൻ പാരായണം മുസ്സമ്മിൽ അഹ്‌മദ് നിർവ്വഹിച്ചു. ഹിദായത്തുല്ലാ സഖാഫി (മുഅല്ലിം വഖ്ഫെ ജദീദ് മുറിയക്കണ്ണി), പി.മുഹമ്മദ് യൂസഫ് മുഅല്ലിം മണ്ണാർക്കാട് എന്നിവർ പ്രസംഗിച്ചു.

**കൊടുങ്ങല്ലൂർ:** 24.2.08–ൽ ചേർന്ന മുസ്‌ലിഹ് മൗഊദ് ദിനയോഗത്തിൽ പ്രസിഡന്റ് സൈനുദ്ദീൻ സാഹിബ് അധ്യക്ഷത വഹിച്ചു. ഖാഇദ് മൊഹ്‌യുദ്ദീൻ ബാബു സാഹിബിന്റെ ഖുർആൻ പാരായണത്തോടെ ആരംഭിച്ച യോഗത്തിൽ ഷിനീർ സാഹിബ്, ബീരാൻ സാഹിബ് എന്നിവർ പ്രസംഗിച്ചു. സൽമാനുൽ ഫാരിസി പദ്യം ചൊല്ലി. യോഗാവസാനം അനസ് എന്ന യുവാവ് ബയ്അത്ത് ചെയ്ത് ജമാഅത്തിൽ പ്രവേശിച്ചു. മൗലവി മുഹമ്മദ് സലീം സാഹിബ് ബയ്അത്ത് വാചകങ്ങൾ ചൊല്ലികൊടുത്തു. ബയ്അത്ത് ചെയ്ത അനസ് സാഹിബ് അഹ്‌മദിയ്യാ മുസ്‌ലിം ജമാഅത്തിൽ പ്രവേശിക്കാനുള്ള കാരണങ്ങൾ അരമണിക്കൂറോളം നീണ്ട ഹൃദയസ്പൃക്കായ പ്രഭാഷണത്തിലൂടെ ജമാഅത്തംഗങ്ങളോട് വിവരിക്കുകയുണ്ടായി.

# രൂപരേഖ പ്രകാരം പ്രവർത്തനങ്ങൾ നടത്തി

**കടലായി:** ഖുദ്ദാമുൽ അഹ്‌മദിയ്യാ നോർത്ത് ഇലാഖാ തയ്യാറാക്കിയ ഒരു വർഷത്തേക്കുള്ള പ്രവർത്തന രൂപരേഖ പ്രകാരം ഫെബ്രുവരി മാസത്തെ പ്രവർത്തനങ്ങൾ കടലായി ഖുദ്ദാമുൽ അഹ്‌മദിയ്യാ നടത്തി. ഫെബ്രുവരി 13 മുതൽ 19 വരെ നടന്ന വാരത്തിൽ കുടിശ്ശികയായ ചന്ദയിൽ ഭൂരിഭാഗം പിരിച്ചെടുത്തു. ഫെബ്രുവരി 17–ന് ഖുദ്ദാം – അത്ഫാൽ സംയുക്ത ഹുസ്നുൽ ബയാൻ യോഗം നടന്നു. 24–ാം തിയ്യതി നടന്ന തഹജ്ജുദ് നമസ്കാരത്തിൽ 5 ഖാദിമീങ്ങളും 2 അത്ഫാലുകളും 5 അൻസാറുകളും പങ്കെടുത്തു. സുബഹി നമസ്കാരത്തിനുശേഷം ജിഹാദ് എന്ന വിഷയത്തെ അധികരിച്ച് മൗലവി മുഹമ്മദ് ശരീഫ് സാഹിബ് ക്ലാസ്സെടുത്തു. വൈകുന്നേരം വഖാറെ അമലും നടന്നു.

# ഖുദ്ദാമുൽ അഹ്‌മദിയ്യാ ലോക്കൽ ഇജ്തിമ

**ഐരാപുരം:** ഐരാപുരം മജ്‌ലിസിലെ ലോക്കൽ ഇജ്തിമ (ഖുദ്ദാം–അത്ഫാൽ) 27.1.08 ഞായറാഴ്ച പള്ളിയിൽവച്ച് നടന്നു. രണ്ട് സെഷനുകളിലായി നടന്ന പരിപാടി രാവിലെ ഖാഇദ് ജനാബ് താഹിർ സാഹിബിന്റെ അധ്യക്ഷതയിൽ ആരംഭിച്ചു. ജില്ലാ ഖാഇദ് ജനാബ് സഫ്‌വാൻ സാഹിബ് ഉദ്ഘാടനം നിർവ്വഹിച്ചു. യൗവ്വനകാലത്ത് പ്രകൃത്യാ കൈവരുന്ന സമൃദ്ധമായ ഊർജ്ജം ശരിയായ വഴിയിൽ വിനിയോഗിക്കേണ്ടതിന്റെ ആവശ്യകതയെ സംബന്ധിച്ച് അദ്ദേഹം സംസാരിച്ചു. ശുഭപര്യവസാനത്തിനുള്ള മാർഗ്ഗങ്ങളായി ഹദ്‌റത്ത് മസീഹ് മൗഊദ് (അ) നിർദ്ദേശിച്ച യുക്തിബോധം, ദുആ, സജ്ജനങ്ങളുമായുള്ള സഹവാസം എന്നീ കാര്യങ്ങളിലേക്ക് ഉദ്ഘാടകൻ ഖാദിമുകളുടെ ശ്രദ്ധ ആവശ്യപ്പെട്ടു.
മൗലവി ഉസ്മാൻ സാഹിബ് ഉദ്ബോധന പ്രസംഗം നടത്തി. ഖുദ്ദാമുൽ അഹ്‌മദിയ്യായുടെ സ്ഥാപകൻ ഹദ്‌റത്ത് ഖലീഫത്തുൽ മസീഹ് സാനി (റ)യുടെ ഉപദേശനിർദ്ദേശങ്ങൾ മൗലവി സാഹിബ് കേൾപ്പിച്ചു. തങ്ങളുടെ നഫ്സിനെ മറന്നുകൊണ്ട് സേവനനിരതരാവാനും ഭൗതികതയുടെ പിന്നാലെ ഓടാതെ കിട്ടുന്നതിൽ തൃപ്തിയടയുന്നവനാണ് യഥാർത്ഥ മുഅ്മിൻ എന്നും അദ്ദേഹം ഉദ്ബോധിപ്പിച്ചു.
മത്സരപരിപാടികളിൽ മൗലവി എം. നാസർ സാഹിബ്, മൗലവി ഉസ്മാൻ സാഹിബ്, സഫ്‌വാൻ സാഹിബ്, ജനാബ് അബ്ദുറഹ്‌മാൻ സാഹിബ്, ജനാബ് ശാഹുൽ ഹമീദ് സാഹിബ് എന്നിവർ വിധികർത്താക്കളായി. മത്സരങ്ങൾക്കുശേഷം ഖിലാഫത്ത് ജൂബിലിയും ഖാദിമീങ്ങളുടെ ഉത്തരവാദിത്വവും എന്ന വിഷയത്തെ അധികരിച്ച് മൗലവി എം. നാസർ സാഹിബ് ക്ലാസ്സെടുത്തു. വൈകിട്ട് 4.30 ന് ദുആയോടുകൂടി യോഗം പര്യവസാനിച്ചു.

# ഖിലാഫത്ത് ജൂബിലി ഉദ്ഘാടനം

**പഴയങ്ങാടി:** 13.01.08–ന് ഞായറാഴ്ച മഗ്‌രിബ് നമസ്കാരാനന്തരം താഹിർ മസ്ജിദിൽവച്ച് പഴയങ്ങാടി ജമാഅത്ത് ഖിലാഫത്ത് ജൂബിലി വിളംബരയോഗം സംഘടിപ്പിക്കുകയുണ്ടായി. ജനാബ് മുഹമ്മദ് ഉമ്മർ മൗലവി സാഹിബ് പ്രസ്തുത യോഗം ഉദ്ഘാടനം ചെയ്തു. ഖിലാഫത്ത് ജൂബിലിയോടനുബന്ധിച്ച് നടത്തേണ്ട ഒട്ടേറെ പരിപാടികളെക്കുറിച്ചും അദ്ദേഹം സംസാരിക്കുകയുണ്ടായി. ജൂബിലിയിൽ ഒന്നാമതായി പൂർത്തീകരിക്കേണ്ട വസിയ്യത്തിന്റെ വിവിധ വശങ്ങളെക്കുറിച്ച് അദ്ദേഹം വിലയേറിയ ഉപദേശങ്ങൾ ജമാഅത്തംഗങ്ങൾക്ക് നല്കുകയുണ്ടായി. പിന്നീട് ജമാഅത്ത് ജനറൽ സെക്രട്ടറി ജനാബ് പ്രൊഫ. മഹ്‌മൂദ് അഹ്‌മദ് സാഹിബ് ജൂബിലി വർഷത്തിൽ നടത്തേണ്ട വിവിധ പരിപാടികളുടെ കമ്മിറ്റി മെമ്പർമാരേയും ചെയർമാൻമാരേയും വിളംബരം ചെയ്യുകയുണ്ടായി. ചീഫ് മുബല്ലിഗ് ജനാബ് അയ്യൂബ് സാഹിബും യോഗത്തിൽ സംസാരിച്ചു. തബ്ലീഗ്, തർബിയ്യത്ത്, ഹിദ്മത്തെ ഖൽക്ക്, ഭക്ഷണം, എന്നീ കമ്മറ്റിരൂപീകരണത്തെ അദ്ദേഹം പ്രശംസിക്കുകയും, ഇതുപോലെ എല്ലാ ജമാഅത്തുകളിലും ജൂബിലി പരിപാടികൾക്ക് വിവിധ കമ്മിറ്റികൾ രൂപീകരിക്കേണ്ട ആവശ്യകതയെ ചൂണ്ടിക്കാണിക്കുകയും ചെയ്തു. പ്രസ്തുത യോഗത്തിൽ അമീർ സാഹിബ് (പഴയങ്ങാടി) ആധ്യക്ഷം വഹിച്ചു. പഴയങ്ങാടി പ്രാദേശിക മുബല്ലിഗ് ജനാബ് ടി.എം. മുഹമ്മദ് സാഹിബ് വസിയ്യത്തിനെ ആസ്പദമാക്കി വിഷയം അവതരിപ്പിച്ചു. അബ്ദു ശുക്കൂർ സാഹിബ് തിലാവത്തും, റോഷൻ അഹ്‌മദ് പദ്യവും ആലപിച്ചു.

# ഖുദ്ദാം, അത്ഫാൽ പ്രാദേശിക ഇജ്തിമ 2008

**കാവശ്ശേരി:** മജ്‌ലിസ് ഖുദ്ദാമുൽ അഹ്‌മദിയ്യായുടെ ആഭിമുഖ്യത്തിൽ (കാവശ്ശേരി) ഖുദ്ദാം അത്ഫാൽ സംയുക്ത പ്രാദേശിക ഇജ്തിമ നടത്തി. പ്രാദേശിക ഖാഇദ് കെ.വൈ. താഹിർ അഹ്‌മദ് സാഹിബിന്റെ അധ്യക്ഷതയിൽ ആരംഭിച്ച പരിപാടിയിൽ അലി അഹമദ് സാഹിബ് തിലാവത്ത് നടത്തി. എസ്. ലുഖ്‌മാൻ അഹ്‌മദ് സാഹിബ് സ്വാഗതം പറഞ്ഞു.
ജമാഅത്ത് പ്രസിഡന്റ് കെ.എം. യൂസഫ് സാഹിബ് ഇജ്തിമാഅ് ഉദ്ഘാടനം ചെയ്തു. ഖാദിമീങ്ങൾ പ്രതിജ്ഞ നിറവേറ്റുന്നവരാകണമെന്നും ജമാഅത്തിന്റെ എല്ലാ പ്രവർത്തനങ്ങൾക്കും ലബ്ബൈക്ക് പറഞ്ഞുകൊണ്ട് തങ്ങൾക്ക് ലഭിച്ചിട്ടുള്ള സൗഭാഗ്യം പൂർണ്ണമായും വിനിയോഗിക്കണമെന്നും അദ്ദേഹം പറഞ്ഞു. എച്ച്. സുലൈമാൻ സാഹിബ്, മൗലവി മുള്ളൂർക്കര മുഹമ്മദുണ്ണി മുസ്‌ലിയാർ എന്നിവർ ആശംസകൾ അർപ്പിച്ച് സംസാരിച്ചു. ഖാദിമീങ്ങളുടെ പൂർണ്ണ പങ്കാളിത്തംകൊണ്ടു നിറഞ്ഞ പരിപാടി ഖാഇദ് കെ.വൈ. താഹിർ അഹ്‌മദ് സാഹിബിന്റെ നന്ദിയോടുകൂടി അവസാനിച്ചു.

# പര്യടനം

**എറണാകുളം:** മജ്‌ലിസ് ഖുദ്ദാമുൽ അഹ്‌മദിയ്യാ സൗത്ത് ഇലാഖയുടെ കീഴിൽ വരുന്ന മജ്‌ലിസുകളുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനുള്ള സൗത്ത് ഇലാഖാ ഖാഇദ് ഇ.എച്ച് നജീബ് സാഹിബിന്റെ പര്യടനത്തിന്റെ രണ്ടാം ഘട്ടത്തിന് ജനുവരി 27–ാം തിയ്യതി തുടക്കം കുറിച്ചു. കൊട്ടാരക്കര, മാത്ര, കൊല്ലം, ആദിനാട് എന്നീ ജമാഅത്തുകൾ സന്ദർശിച്ച അദ്ദേഹത്തോടൊപ്പം സൗത്ത് ഇലാഖാ നാഇബ് ഖാഇദ് ശഹീദ് അഹ്‌മദ് സാഹിബ്, മൗലവി ശഫീഖ് അഹ്‌മദ് സാഹിബ് എന്നിവരുമുണ്ടായിരുന്നു. ഓരോ മജ്‌ലിസിലേയും റിപ്പോർട്ട് പരിശോധിച്ച ഖാഇദ് സാഹിബ് പ്രവർത്തനങ്ങൾ പരിപോഷിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നല്കി. അനുഗൃഹീതമായ ഈ ഖിലാഫത്ത് ജൂബിലി വേളയിൽ വസിയ്യത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് ഖാഇദ് സാഹിബ് ഖാദിമീങ്ങളെ ഉണർത്തി. മജ്‌ലിസ് സന്ദർശനവേളയിൽ തന്നോട് സഹകരിച്ച എല്ലാ മജ്‌ലിസുകളിലെയും മൗലവിമാർക്ക് ഖാഇദ് സാഹിബ് പ്രത്യേകം നന്ദി അറിയിച്ചു.

# പി.സി.എം. സ്കോളർഷിപ്പ്



ഫസലെ ഉമർ പബ്ലിക് സ്കൂളിലെ (അടുത്തില) അലിഷ സെൽവ പി.സി.എം. സ്കോളർഷിപ്പിന് അർഹയായി. പഴയങ്ങാടിയിലെ ശംശീർ അഹമ്മദിന്റെയും ഷാഹിദയുടെയും മകളാണ് അലിഷ. (*12.2.08 ചൊവ്വാഴ്ചത്തെ മാതൃഭൂമിയിൽ വന്നത്*)


# മുസ്‌ലിഹ് മൗഊദ് ദിനം

**കണ്ണൂർ:** കണ്ണൂർ ജമാഅത്തിന്റെ ആഭിമുഖ്യത്തിൽ മുസ്‌ലിഹ് മൗഊദ് ദിനം ആഘോഷിച്ചു. മൗലവി മുഹമ്മദ് ഇസ്മായീൽ സാഹിബ് മുഖ്യപ്രഭാഷണം നടത്തി. വാഗ്ദത്തപുത്രനിലൂടെ മസീഹ് മൗഊദിന്റെ പ്രവചനങ്ങളുടെ ദൈവികത വെളിപ്പെടുകയായിരുന്നുവെന്ന് അദ്ദേഹം പറഞ്ഞു. കെ. അബ്ദുൽ അസീസ് സാഹിബ് ആധ്യക്ഷം വഹിച്ചു. ഡോ. ആസിഫ് ഖുർആൻ പാരായണം നടത്തി. നബീൽ അബ്ദുല്ല നസം അവതരിപ്പിച്ചു.

# തബ്ലീഗ്

**എറണാകുളം:** സൗത്ത് കേരള ഖുദ്ദാമുൽ അഹ്‌മദിയ്യായുടെ ആഭിമുഖ്യത്തിൽ കാക്കനാട് മജ്‌ലിസിന്റെ പരിധിയിൽവരുന്ന വിവിധ പ്രദേശങ്ങളിൽ സംയുക്ത തബ്ലീഗും നോട്ടീസ് വിതരണവും ഫെബ്രുവരി 17–ാം തിയ്യതി നടത്തി. 'പ്രകൃതി ദുരന്തങ്ങൾ– ദൈവിക മുന്നറിയിപ്പ്' എന്ന തലക്കെട്ടോടുകൂടിയ, സൗത്ത് കേരള ഖുദ്ദാമുൽ അഹ്‌മദിയ്യാ പ്രസിദ്ധീകരിച്ച പുതിയ നോട്ടീസിന്റെ രണ്ടായിരം കോപ്പികൾ വാഴക്കാല, കുന്നേപറമ്പ്, ചെമ്പുമുക്ക്, ഓലിക്കുഴി, തുരുത്തേപറമ്പ്, കെ.കെ. റോഡ് തുടങ്ങിയ വിവിധ സ്ഥലങ്ങളിൽ വിതരണം ചെയ്തു. എറണാകുളം, കാക്കനാട്, കൊച്ചി ജമാഅത്തുകളിലെ ഖാദിമീങ്ങളും അൻസാർ സഹോദരന്മാരും തബ്ലീഗിൽ പങ്കെടുത്തു. സൗത്ത് ഇലാഖാ ഖാഇദ് ഇ.ച്ച്. നജീബ് സാഹിബ്, മൗലവി അൻസാർ മഹ്ദി സാഹിബ് (കാക്കനാട്), മൗലവി നാസിർ അഹ്‌മദ് സാഹിബ് (എറണാകുളം) എന്നിവർ തബ്ലീഗിന് നേതൃത്വം നല്കി.

## കാരുണ്യത്തിന്റെ തണ്ണീർപന്തൽ ഒരുക്കി നാസിമുദ്ദീൻ




**പഴയങ്ങാടി:** വഴിയാത്രക്കാർക്കും മറ്റുമായി ശുദ്ധജല സംവിധാനം സൗജന്യമായി ഒരുക്കിയിരിക്കുകയാണ് എരിപുരത്തെ പി.വി. നാസിമുദ്ദീൻ. വീടിന്റെ മതിലിനോട് ചേർന്നാണ് പുറത്തുതന്നെ കുടിവെള്ള വിതരണത്തിനായി പൈപ്പ് സ്ഥാപിച്ചിരിക്കുന്നത്.

പൈപ്പിനൊപ്പം തന്നെ സ്റ്റീൽ ഗ്ലാസ്സും തണലിനായുള്ള ചെറിയ സംവിധാനവുമുണ്ട്. വിദ്യാർത്ഥികൾ ഉൾപ്പെടെ നൂറിലേറെ പേർ ഇവിടെനിന്ന് വെള്ളം കുടിക്കുന്നുണ്ട്. തന്റെ വീട്ടിലെ കിണറിൽനിന്ന് താനും കുടുംബവും കുടിക്കുന്ന വെള്ളമാണ് ഇപ്പോൾ നൽകുന്നത്. ഇനി വെള്ളം ഫിൽട്ടർ ചെയ്ത് നൽകാനാണ് തീരുമാനം. ഫിൽട്ടർ അടുത്തദിവസം സ്ഥാപിക്കും.

ദുബായിൽ കമേർഷ്യൽ ബാങ്കിന്റെ ഫോറിൻ ട്രേഡിന്റെ മാനേജരായിരുന്നു നാസിമുദ്ദീൻ. കുടിവെള്ള ക്ഷാമം രൂക്ഷമായ മാടായിപാറയിലെ കുന്നിൻചെരുവുകളിലുള്ളവർക്കും ഈ 'തണ്ണീർപന്തൽ' ആശ്വാസമാവുകയാണ്.

*(13.2.08 ബുധനാഴ്ചത്തെ മലയാള മനോരമ പത്രത്തിൽ വന്നത്)*

## അഹ്മദിയ്യത്ത് നിരീക്ഷണത്തിൽ

**ജക്കാർത്ത:** അഹ്മദിയ്യാ ജമാഅത്തിന്റെ ഇന്തോനേഷ്യയിലെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിനായി ഒരു നിരീക്ഷക സംഘത്തെ ഇന്തോനേഷ്യൻ ഗവർമ്മെന്റ് നിയമിച്ചു. നേരത്തേ പന്ത്രണ്ടോളം ചോദ്യങ്ങൾക്ക് ഉത്തരം നല്കാൻ ജമാഅത്തിനോട് അധികൃതർ ആവശ്യപ്പെട്ടിരുന്നു. ഈ പന്ത്രണ്ടിന ചോദ്യങ്ങൾക്ക് ജമാഅത്ത് അധികൃതർ പെട്ടെന്നുതന്നെ മറുപടി നല്കി. ഇതേത്തുടർന്ന് മുഹമ്മദ്(സ) അന്ത്യപ്രവാചകനാണെന്ന് അഹ്മദികൾ സമ്മതിച്ചതായി കടുത്തപ്രചാരണവും നടക്കുന്നുണ്ട്.

ഗവർമ്മെന്റ് ഏർപ്പെടുത്തിയ നിരീക്ഷണസംഘത്തിൽ മതകാര്യ മന്ത്രാലയം, അറ്റോർണി ജനറൽ ഓഫീസ്, ആഭ്യന്തര വകുപ്പ്, പോലീസ് എന്നിവിടങ്ങളിൽ നിന്നുള്ള പ്രതിനിധികളുണ്ട്. ഇന്തോനേഷ്യൻ മതകാര്യമന്ത്രി എം. മഫ്തൂഹ് ബസ്യൂനി ആണ് ഇക്കാര്യം വെളിപ്പെടുത്തിയത്. മൂന്നുമാസത്തിനകം നിരീക്ഷണ സംഘം അതിന്റെ റിപ്പോർട്ട് സമർപ്പിക്കുമെന്നാണ് കരുതുന്നത്.

## സത്യം മനസ്സിലാക്കുക: സലിം സാഹിബ് കൊടുങ്ങല്ലൂർ



**കണ്ണൂർ:** സത്യം മനസ്സിലാക്കുകയും, അറിഞ്ഞ കാര്യങ്ങൾ ജീവിതത്തിൽ പകർത്തുകയും വേണമെന്ന് മൗലവി സലിം സാഹിബ് കൊടുങ്ങല്ലൂർ പറഞ്ഞു. കണ്ണൂർ ടൗൺ ജമാഅത്ത് സംഘടിപ്പിച്ച ഖിലാഫത്ത് വിളംബര സമ്മേളനങ്ങളിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

ഖിലാഫത്ത് ജൂബിലി വർഷത്തിൽ അഹ്മദിയ്യാ ജമാഅത്ത് മുന്നോട്ടുവെക്കുന്നത് സമാധാനത്തിന്റെയും സൗഹാർദ്ദത്തിന്റെയും വഴിയാണ്. ഇതിലൂടെ സഞ്ചരിക്കാൻ ആളുകൾ തയ്യാറാകണമെന്ന് സലിം സാഹിബ് പറഞ്ഞു. മലീമസമായ ഇന്നത്തെ കാലാവസ്ഥയിൽ ഖിലാഫത്ത്, അഹ്മദികളെ കനത്ത രീതിയിൽ സംരക്ഷിക്കുകയാണെന്ന് അദ്ദേഹം തുടർന്നുപറഞ്ഞു.

കണ്ണൂർ ടൗൺ ജമാഅത്തിന്റെ ആഭിമുഖ്യത്തിൽ സ്റ്റേഡിയം കോർണർ, താണ, കക്കാട് എന്നിവിടങ്ങളിൽ യോഗങ്ങൾ സംഘടിപ്പിച്ചു. ഇക്കൂട്ടത്തിൽ കക്കാട് നടന്ന അഹ്മദിയ്യാ ജമാഅത്തിന്റെ യോഗം അലങ്കോലപ്പെടുത്താൻ ചില സാമൂഹിക വിരുദ്ധർ ശ്രമിച്ചിരുന്നു. എന്നാൽ അങ്ങേയറ്റം ക്ഷമിച്ചുകൊണ്ട് അഹ്മദികൾ യോഗപരിപാടികൾ മുന്നോട്ടുകൊണ്ടുപോയി. ഒരു മതമൗലിക സംഘടനയായിരുന്നു ഈ സംഭവത്തിന് പിന്നിൽ എന്തായാലും വലിയ വിഭാഗം ജനങ്ങൾ യോഗത്തിനെത്തിച്ചേർന്നു. ഈ സംഭവം മേഖലയിൽ നല്ല ചലനം ഉളവാക്കിയിട്ടുണ്ട്.

## വിശ്വാസികൾക്ക് ഖിലാഫത്തിൽ അഭയമുണ്ട്



**കണ്ണൂർ:** വിശ്വാസികളായ ആളുകളെ സംരക്ഷിക്കാനുള്ള ദൈവിക കവചമാണ് ഖിലാഫത്ത് എന്ന് ഡോ. മുസഫർ അഹ്മദ് സാഹിബ് പറഞ്ഞു. കണ്ണൂർ ടൗൺ മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ നടത്തിയ ഖിലാഫത്ത് വിളംബര സമ്മേളനത്തിൽ മുഖ്യ പ്രഭാഷണം നിർവ്വഹിക്കുകയായിരുന്നു ഡോ. മുസഫർ. ഖിലാഫത്തിന്റെ അനുഗ്രഹങ്ങൾ നമ്മെ സംരക്ഷിക്കുന്നത് നമ്മുടെ വിശ്വാസം ദൃഢീകരിക്കപ്പെടാനാണ്. വിശ്വാസദാർഢ്യത്തിലൂടെ ജീവസ്സുറ്റ ജമാഅത്തായി തുടരാനുള്ള സൗഭാഗ്യമാണ് ഖിലാഫത്ത് നമുക്ക് നല്കിയിരിക്കുന്നത്. ഇതിൽനിന്നുള്ള സദ്ഫലങ്ങൾ ഖിലാഫത്ത് ജൂബിലി ആഘോഷവേളയിൽ നാം കൂടുതലായി മനസ്സിലാക്കേണ്ടതുണ്ടെന്ന് ഡോ. മുസഫർ അഹ്മദ് സാഹിബ് തുടർന്നുപറഞ്ഞു. യോഗത്തിൽ ടൗൺ ഖാഇദ് ഷാജിർ അഹ്മദ് ആധ്യക്ഷം വഹിച്ചു. മൗലവി മുഹമ്മദ് ഇസ്മായീൽ സാഹിബ്, കണ്ണൂർ ജമാഅത്ത് പ്രസിഡന്റ് ബി. അബ്ദുസ്സലാം സാഹിബ് എന്നിവർ പ്രസംഗിച്ചു. സുബിൻ അഷ്റഫ് സ്വാഗതം പറഞ്ഞു. ശിബിൻ അസ്ലം ഖുർആൻ പാരായണവും നിഷാദ് അസീസ് പദ്യാലാപനവും നടത്തി.

# റബ്വ: രക്തസാക്ഷികളുടെ നഗരം

*അൽഹഖ് ന്യൂസ് ഡസ്ക്*

ബ്രിട്ടീഷ് പാർലമെന്റിന്റെ ഒരു പ്രത്യേക ദൗത്യസംഘം പാക്കിസ്ഥാനിലെ അഹ്മദിയ്യാ വിരുദ്ധ നടപടികളെക്കുറിച്ച് പഠിക്കുകയുണ്ടായി. നിഷ്പക്ഷമായ ഒരന്വേഷണം നടത്തിയ ഈ ദൗത്യസംഘത്തിന്റെ കണ്ടെത്തലുകൾ പാക്ക് ഭരണകൂടത്തിന്റെ കണ്ണുതുറപ്പിക്കുന്ന രീതിയിലായിരുന്നു. ഈ ദൗത്യസംഘത്തിൽ ഫ്രാൻസിസ് അലൻ, മൈക്കൽ എൽമാൻ, ഡോ. ജോനാഥൻ എൻസർ എന്നിവരായിരുന്നു ഉൾപ്പെട്ടിരുന്നത്. 2006 ഒക്ടോബറിൽ എട്ടു ദിവസങ്ങളിലായി നടത്തിയ വസ്തുതാന്വേഷണത്തിൽ ദൗത്യസംഘം പാക്ക് ഗവർമ്മെന്റ് പ്രതിനിധികൾ, അനഹ്മദി സംഘടനകൾ, അഹ്മദി നേതാക്കൾ... എന്നിങ്ങനെ പ്രശ്നത്തിന്റെ വിവിധ വശങ്ങളെ പ്രതിനിധാനം ചെയ്യുന്ന ആളുകളെ ഇന്റർവ്യൂ ചെയ്യുകയുണ്ടായി. സംഘടിതമല്ലാത്ത അതേസമയം ആസൂത്രിതമായ ദൗത്യസംഘത്തിന്റെ അന്വേഷണ കണ്ടെത്തലുകൾ ഡോ.ജോനാഥൻ എൻസർ എഡിറ്റു ചെയ്ത് 'റബ്വ രക്തസാക്ഷികളുടെ നഗരം' എന്ന പേരിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിന്റെ സംക്ഷിപ്തരൂപമാണ് ചുവടെ-

ഈ ദൗത്യസംഘം പാക്കിസ്ഥാൻ മനുഷ്യാവകാശ കമ്മീഷനുമായും അന്വേഷണത്തിനിടയിൽ ബന്ധപ്പെട്ടിരുന്നു. മനുഷ്യാവകാശ കമ്മീഷനും ഇതര നിഷ്പക്ഷമതികളും വിലയിരുത്തിയ ഒരു പ്രധാന പ്പെട്ട കാര്യമുണ്ട്. വിശ്വാസപരമായ വ്യത്യാസം മാത്രമല്ല പാക്കിസ്ഥാനിലെ അഹ്മദിയ്യാ വിവേചനത്തിന് പിറകിലെ കാരണമെന്നതാണത്. വിശ്വാസപരമായി മുല്ലമാർ കാഫിർ എന്നു മുദ്രകുത്തിയ പാക്ക് ഹിന്ദുസമൂഹം ഏറെക്കുറെ ആക്രമണവിമുക്തമാണ് എന്നത് ഇക്കാര്യത്തിന്റെ തെളിവാണ്. കൂടാതെ ഇതര മത-ന്യൂനപക്ഷങ്ങളായ സിഖ്, ക്രിസ്ത്യൻ വിഭാഗങ്ങൾക്കും അഹ്മദികൾ നേരിടേണ്ടിവന്നതുപോലുള്ള പീഡനങ്ങൾ ഏറ്റുവാങ്ങിയിട്ടില്ല.

അപ്പോൾ അഹ്മദിവിരോധത്തിന് കാരണം വിശ്വാസപരം മാത്രമല്ല. പാക്കിസ്ഥാനിലെ അഹ്മദികൾ വിദ്യാഭ്യാസത്തിലും, സാമ്പത്തിക നിലയിലും ഏറെ ഉയർന്നവരാണ്. പല അഹ്മദികളും പട്ടാളത്തിലും സിവിൽ ഭരണമേഖലകളിലും അത്യുന്നത സ്ഥാനങ്ങൾ കരസ്ഥമാക്കിയവരാണ്. ഇക്കാര്യം ആംനസ്റ്റി ഇന്റർനാഷണലിന്റെ പാക്കിസ്ഥാൻ പ്രസിഡണ്ട് ഫൈസ്-ഉർ-റഹ്മാൻ ദൗത്യസംഘത്തെ അറിയിച്ചിട്ടുണ്ട്. പ്രശസ്ത മനുഷ്യാവകാശ പ്രവർത്തകനായ ഫൈസ് 1974-ന് ശേഷം അഹ്മദികൾ നയതന്ത്ര, നീതിന്യായ, വിദ്യാഭ്യാസ മേഖലകളിൽ ഉന്നത സ്ഥാനത്ത് അപൂർവ്വമായിട്ടേ എത്തിയിട്ടുള്ളൂവെന്ന് പറഞ്ഞു.

ഈ അന്വേഷണ സംഘം കണ്ടെത്തിയ മറ്റൊരു നഗ്നസത്യം അഹ്മദികൾക്കു നേരെയുള്ള പീഡനങ്ങളെ പാക്ക് മാധ്യമങ്ങൾ കണ്ടില്ലെന്ന് നടിക്കുന്ന അപഹാസ്യതയാണ്. ഗവർമ്മെന്റ് ഉടമസ്ഥതയിലുള്ള ടെലിവിഷൻ മുമ്പ് പലപ്പോഴും 'അഹ്മദികൾ മരണത്തിന് അവകാശികൾ' എന്ന മുദ്രാവാക്യം പരസ്യമായി പ്രദർശിപ്പിച്ചിരുന്നു. പാരമ്പര്യമായി പാക്കിസ്ഥാനിലെ ഇംഗ്ലീഷ് മാധ്യമങ്ങൾ ഉദാരമതികളാണ്. എന്നാൽ, ഇവയും അഹ്മദി വിരുദ്ധ നടപടികളെ എതിർക്കുന്നില്ല. അഹ്മദികൾക്കു നേരെയുള്ള പൊതുജനവികാരം മാധ്യമങ്ങളെ ഭയപ്പെടുത്തുന്നു. പരോക്ഷമായിപ്പോലും അഹ്മദി അനുകൂല വാർത്തകൾ പ്രസിദ്ധീകരിച്ചാൽ തങ്ങളുടെ സ്ഥാപനങ്ങളും, പത്രപ്രവർത്തകരും രൂക്ഷമായ ആക്രമണത്തിന് വിധേയരാകുമെന്ന് മുഴുവൻ മാധ്യമങ്ങളും വിശ്വസിക്കുന്നു.

കമ്മീഷന്റെ കണ്ടെത്തൽ അനുസരിച്ച് അഹ്മദികളുടെ കാര്യം പാക്കിസ്ഥാനിൽ തീർത്തും ശോചനീയമാണ്. ദിനംപ്രതി അഹ്മദികൾക്കു നേരെയുള്ള ആക്രമണങ്ങൾ കൂടി

( 4-ാം പേജിൽ)

## മേഖലാ ഇജ്തിമാഅ്

**എറണാകുളം:** വിദ്യാഭ്യാസ കാര്യത്തിൽ ഖാദിമീങ്ങൾ അലസത കൈവെടിയണമെന്നും ദീനിന് സേവനം ചെയ്യാൻ വേണ്ടി പഠിയ്ക്കുക എന്ന ഉദ്ദേശ്യത്തോടെ ഓരോരുത്തരും മുന്നോട്ടുവരണമെന്നും എറണാകുളം മേഖലാ അമീർ ബി.ബി. അഹ്മദ് കബീർ സാഹിബ് പറഞ്ഞു. സൗത്ത് കേരള ഖുദ്ദാമുൽ അഹ്മദിയ്യായുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച എറണാകുളം മേഖലാ ഇജ്തിമ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. ഭൗതിക വിദ്യാഭ്യാസത്തോടൊപ്പം ദീനീപഠനത്തിനും ഊന്നൽ നല്കണം. ഖലീഫ തിരുമനസ്സിന്റെ കൈയിലെ ഉപകരണങ്ങൾ മാത്രമാണ് നാം. നാം നമ്മെ വിറ്റുകഴിഞ്ഞു. ഒരു സൈന്യത്തിലെ പട്ടാളക്കാരാണ് നാം. ഒരു ക്യാപ്റ്റന്റെ നിർദ്ദേശങ്ങളനുസരിച്ച് പ്രവർത്തിക്കുക എന്നത് മാത്രമാണ് ഇനി നമ്മുടെ ജോലി- അമീർ സാഹിബ് ഓർമ്മപ്പെടുത്തി. എറണാകുളം മേഖലയിലെ എട്ട് ജമാഅത്തുകളിലും 80 ശതമാനത്തോളം അംഗങ്ങൾ വസിയ്യത്ത് പദ്ധതിയിൽ പങ്കാളികളായി തീർന്നിട്ടുണ്ട്. ഇതിൽ ഭൂരിഭാഗവും ഖാദിമീങ്ങളാണ് എന്നത് അഭിമാനകരമാണ്. എറണാകുളം ജില്ലാ ഖാഇദ് മുഹമ്മദ് സഫ്വാൻ സാഹിബ് അധ്യക്ഷത വഹിച്ചു. യോഗത്തിൽ മുബാഹിൽ അഹ്മദ് സാഹിബ് വിശുദ്ധഖുർആൻ പാരായണം ചെയ്തു. ലക്ഷ്യപ്രാപ്തിയിലേക്കുള്ള ചുവടുവെപ്പ് മാത്രമാണ് ഇത്തരം ഇജ്തിമകളെന്ന് സൗത്ത് ഇലാഖാ ഖാഇദ് ഇ.എച്ച്. നജീബ് സാഹിബ് ഉദ്ബോധന പ്രഭാഷണത്തിൽ പറഞ്ഞു. നമ്മുടെ ഉത്തരവാദിത്വങ്ങൾ അനേകമാണ്. സൂര്യചന്ദ്ര നക്ഷത്രാദികളെപ്പോലെ എല്ലാവർക്കും പ്രകാശം ചൊരിയുന്നതായിരിക്കണം നമ്മുടെ ജീവിതം. വളരെ മലീമസമായ ഇന്നത്തെ ചുറ്റുപാടിൽ മാതൃകാപരമായ ജീവിതം നാം കാഴ്ചവക്കേണ്ടതുണ്ട്. തുടർന്ന് ഖിലാഫത്തിനോടുള്ള അനുസരണത്തെക്കുറിച്ച് മൗലവി നാസിർ അഹ്മദ് സാഹിബ് ക്ലാസ്സെടുത്തു. ആജ്ഞകൾ പൂർണ്ണമായി അനുസരിക്കുക എന്നത് മലക്കുകളുടെ സവിശേഷതയാണ്. അഹ്മദികൾ ഇത്തരത്തിൽ ആയിത്തീരേണ്ടതാണ്. അങ്ങനെയുള്ളവർക്കാണ് അല്ലാഹുവിന്റെ സഹായം ലഭ്യമാകുന്നതെന്ന് മൗലവി സാഹിബ് പറഞ്ഞു. ഖാദിമീങ്ങൾക്കും അത്ഫാലുകൾക്കുമായി രണ്ട് വേദികളിലായി വിവിധ മത്സരപരിപാടികൾ തുടർന്ന് നടന്നു. ഉച്ചക്കുശേഷം നടന്ന സെഷനിൽ കാക്കനാട് ജമാഅത്ത് പ്രസിഡന്റ് മുഹമ്മദ് കരീം സാഹിബ് അധ്യക്ഷനായിരുന്നു. നാസിറുദ്ദീൻ സാഹിബ് വിശുദ്ധഖുർആൻ പാരായണം നിർവഹിച്ചു. 'മയ്യിത്ത് പരിപാലനം' എന്ന പുതുമയാർന്ന വിഷയത്തെ ആസ്പദമാക്കി കാക്കനാട് മാൽ സെക്രട്ടറി അബ്ദുക്കുഞ്ഞ് സാഹിബ് ക്ലാസ്സെടുത്തു. മൗലവി നാസിർ അഹ്മദ് സാഹിബ്, മൗലവി അൻസാർ മഹ്ദി സാഹിബ് എന്നിവർ അദ്ദേഹത്തോ

(ശേഷം 4-ാം പേജിൽ)

അൽ ഹഖ്
AHMADIYYA NEWS BULLETTIN
ഫെബ്രുവരി 2008 മുഹറം - സഫർ

## മാധ്യമ സ്വാതന്ത്ര്യത്തിന്റെ വഴി

ഡെന്മാർക്കിലെ പുതിയ കാർട്ടൂൺ വിവാദം ലോകം ഉറ്റുനോക്കുന്ന വാർത്തയാണ്. ഈ വിവാദത്തിന്റെ കേന്ദ്രമായി മാറുന്നത് ഇസ്‌ലാമിക പ്രതികരണത്തിന്റെ പ്രത്യേകതകളാണ്. ഒരു പ്രത്യേക മതത്തിന്റെ വിശുദ്ധവഴികാട്ടിയായ ഒരാളെ കാർട്ടൂൺ കഥാപാത്രമാക്കുന്നത് ഒരു പത്രത്തിന്റെ ആവിഷ്ക്കാര സ്വാതന്ത്ര്യത്തിന്റെ ഭാഗമാണെന്ന് വാദിക്കപ്പെടുന്നു. അതിലുപരി ഈ പ്രസിദ്ധീകരണങ്ങൾ ഉയർത്തുന്ന പ്രസക്തമായ കാര്യം ആവിഷ്ക്കാര സ്വാതന്ത്ര്യം പാർശ്വവല്ക്കരിക്കപ്പെട്ടതാണോ എന്നതാണ്. കാരണം ഇസ്‌ലാം എന്ന മതത്തിന്റെ യഥാർത്ഥമായ ചട്ടക്കൂട്ടിൽ വ്യവസ്ഥ ചെയ്യപ്പെട്ടത് നിതാന്തമായ സമാധാനമാണ്. ഇത്തരം സമാധാനത്തെ ഉല്ലംഘിക്കുന്ന ഏതാനും ചിലർ മുസ്‌ലിംകൾക്കിടയിൽ എന്നുമുണ്ടായിരുന്നു. ഇവർ ഇപ്പോഴുമുണ്ട്. ആവിഷ്ക്കാരസ്വാതന്ത്ര്യത്തിന്റെ വികാരത്തെ അളക്കുന്നത് ഇക്കൂട്ടരുടെ അക്രമാസക്തമായ പെരുമാറ്റങ്ങളിലൂടെയാകുമ്പോഴാണ് പത്രമാധ്യമങ്ങളുടെ ചിന്ത മുൻവിധിയോടെയുള്ള പക്ഷപാതമാകുന്നത്.

പുതിയ കാർട്ടൂൺ വിവാദം ആരംഭിക്കുന്നത് 2005 സെപ്തംബറിൽ നബി(സ)യെ കേന്ദ്രകഥാപാത്രമാക്കി കാർട്ടൂൺ പ്രസിദ്ധീകരിച്ച ഡാനിഷ് പത്രമായ ജെയ്‌ലാന്റ്സ് പോസ്റ്റണിലെ കാർട്ടൂണിസ്റ്റ് കർട്ട് വെസ്റ്റ്ഗാർഡിനെ വധിക്കാൻ ശ്രമിച്ചുവെന്നാരോപിച്ച് മൂന്ന് യുവാക്കളെ ഡാനിഷ് പോലീസ് അറസ്റ്റുചെയ്തതോടെയാണ്. ഇതിൽ രണ്ട് ടുണീഷ്യക്കാരും ഒരു ഡെന്മാർക്ക് പൗരനും ഉൾപ്പെടും. ഇക്കാര്യം പത്രങ്ങൾ ഏറ്റെടുത്തത് തങ്ങളുടെ ആവിഷ്ക്കാര സ്വാതന്ത്ര്യത്തിനും, ആശയവിനിമയ സ്വാതന്ത്ര്യത്തിനുമെതിരായ കടുത്ത നടപടിയായാണ്. പറയാനും, അറിയിക്കാനുമുള്ള സ്വാതന്ത്ര്യത്തിന്റെ നിഷേധം ഇതിൽ കടന്നുവന്നത് പെട്ടെന്നായിരുന്നു. വെറും മൂന്ന് യുവാക്കൾ നടത്തിയ ഇനിയും തെളിയിക്കപ്പെടേണ്ടതായ ഒരു വധശ്രമം(?) ഇത്രയും വികാരപരമായി മാറുമ്പോൾ പുതിയ ചില മാനങ്ങൾ സംവേദനം ചെയ്യപ്പെടുന്നുണ്ട്.

ബഹുഭൂരിപക്ഷം വരുന്ന മുസ്‌ലിം ജനതയുടെ വിശ്വാസപരമായ വികാരങ്ങളെ തീർത്തും അവഹേളിച്ചുകൊണ്ടാണ് ഡാനിഷ് പത്രങ്ങൾ കാർട്ടൂൺ പുനഃപ്രസിദ്ധീകരണം തുടങ്ങുന്നത്. ആവിഷ്ക്കാര സ്വാതന്ത്ര്യമെന്നത് വികാരങ്ങളെ വ്രണപ്പെടുത്താനുള്ള ഉപാധിയാണോ? അങ്ങനെയാണ് യൂറോപ്യൻ മാധ്യമങ്ങളുടെ ധാരണ. ഡെന്മാർക്കിലെ പത്രങ്ങൾക്കു പിറകെ ജർമ്മനി, നോർവ്വേ തുടങ്ങിയ രാജ്യങ്ങളിലെ മാധ്യമങ്ങളും പ്രശ്നം ഏറ്റുപിടിക്കുകയും വിവാദ കാർട്ടൂണുകൾ പ്രസിദ്ധീകരിക്കുകയുമുണ്ടായി. ആവിഷ്കാര സ്വാതന്ത്ര്യത്തിന്റെ കാവലാളുകൾ മറന്നുപോയ എത്ര ഇടങ്ങൾ ചരിത്രത്തിലുണ്ടായിരിക്കുന്നു. വർത്തമാനകാലത്തുതന്നെ വടക്കൻകൊറിയ, ബർമ്മ, ചൈന, നേപ്പാൾ, സൗദി അറേബ്യ തുടങ്ങിയ രാജ്യങ്ങളിൽ മാധ്യമ നിഷേധ നിയമങ്ങളെ ലോകം കണ്ടറിയുകയാണ്. ഇവിടെങ്ങും കാണാത്ത വികാരവിക്ഷുബ്ധത ഡെന്മാർക്കിൽ എന്തുകൊണ്ട് സംഭവിച്ചു?

ഡെന്മാർക്കിൽ സംഭവിക്കുന്നത് ആവിഷ്ക്കാര സ്വാതന്ത്ര്യത്തിന്റെ പുകമറയിലൂടെ ഒരു രഹസ്യ അജണ്ടയുടെ വ്യാപനമാണ്. പ്രകോപനത്തിന്റെ നൂതനമായ തന്ത്രമാണിത്. വിശ്വാസികളുടെ പ്രതിഷേധത്തെ തെരുവുകളിൽ വളർത്തേണ്ടത് ഇസ്‌ലാമിക വിരുദ്ധരുടെ ആവശ്യമാണ്. ഇസ്‌ലാമിന്റെ വീക്ഷണം അധമമാണെന്ന സന്ദേശം തെരുവുപ്രകടനങ്ങളും ആക്രമണങ്ങളും പൊലിപ്പിച്ചു കാണിക്കുന്നു. ഇതൊരു ലളിതമായ യുദ്ധനീതിയത്രെ. ആവിഷ്ക്കാര സ്വാതന്ത്ര്യം ഈയവസരത്തിൽ വെറുമൊരു പൊയ്മുഖം മാത്രം. ചർച്ച ചെയ്യപ്പെടുന്ന മാധ്യമസ്വാതന്ത്ര്യം തീർത്തും പാർശ്വവല്ക്കരിക്കപ്പെടുന്നത് ഇതിനാലാണ്. യൂറോപ്യൻ മാധ്യമങ്ങൾ കിണഞ്ഞുശ്രമിക്കുന്നത് ഇസ്‌ലാം പ്രതിനിധീകരിക്കുന്ന നാഗരികതയെത്തന്നെ അപനിർമ്മിക്കുക എന്നതാണ്. മാധ്യമങ്ങളേയും എതിർവീക്ഷണമുള്ള ധിഷണാശാലികളേയും അംഗീകരിക്കാനാവാത്ത ഇരുണ്ടമുഖം ഇസ്‌ലാമിന്റേതാണെന്ന് ലോകജനത വിശ്വസിച്ചാൽ യൂറോപ്യൻ മാധ്യമങ്ങൾക്ക് വലിയ ആശ്വാസം ലഭിച്ചേക്കും.

## എക്സിബിഷൻ- പനമരം



വയനാട് ജില്ലയിലെ പനമരത്ത് മുജാഹിദ് സമ്മേളനത്തോടനുബന്ധിച്ച് 2008 ഫെബ്രുവരി 7,8,9,10 എന്നീ ദിവസങ്ങളിൽ ഇസ്‌ലാം ഇന്റർനാഷണൽ ബുക്ക് സെന്റർ എന്ന പേരിൽ എക്സിബിഷൻ നടന്നു. നാല് ദിവസങ്ങളിലായി നിരവധിപേർ എക്സിബിഷൻ ഹാൾ സന്ദർശിച്ചു. പ്രധാനമായും തബ്‌ലീഗ് ചർച്ചകളാണ് നടന്നത്. ഇതിനായി 12 സംശയനിവാരണ കൗണ്ടറുകൾ ഉണ്ടായിരുന്നു. ഖാത്തമുന്നബിയ്യീൻ, ഈസാനബിയുടെ മരണം, ഇമാം മഹ്ദിയുടെ ആഗമനം, ഖിലാഫത്തിന്റെ ആവശ്യകത എന്നീ വിഷയങ്ങളിൽ ആരോഗ്യകരമായ ചർച്ചകൾ നടന്നു. തബ്‌ലീഗ് കൗണ്ടറുകൾക്കു പുറമെ രണ്ട് എം.ടി.എ കൗണ്ടറുകളും സംഘടിപ്പിച്ചിരുന്നു. യഥാസമയം അവിടം സന്ദർശിക്കുന്ന ആളുകൾ എം.ടി.എ ചാനൽ പരിചയപ്പെടുകയും ഫ്രീക്വൻസി നോട്ട് ചെയ്യുകയും ചെയ്തു. ചിലയാളുകൾ പരിപാടി വീക്ഷിക്കുകയും നല്ല അഭിപ്രായങ്ങൾ രേഖപ്പെടുത്തുകയും ചെയ്തു. 5 മജ്‌ലിസുകളിൽ നിന്നുള്ള അൻസാർ, ഖുദ്ദാം, അത്ഫാലുകൾ ഇതിൽ സേവനമനുഷ്ഠിച്ചു. കോഴിക്കോട്, മാത്തോട്ടം, കമ്പളക്കാട്, വടകര, കരുളായി ജമാഅത്തുകളിൽനിന്നായി ധാരാളം അൻസാറുകളും, 22 ഖാദിമീങ്കളും, 4 അത്ഫാലുകളും ഇതിൽ സേവനസന്നദ്ധരായിരുന്നു. കൂടാതെ മൗലവിമാരും മറ്റുള്ളവരും സംശയനിവാരണത്തിനായി ദിവസങ്ങളോളം പ്രവർത്തിച്ചു.

## തർബിയ്യത്ത് യോഗം

**എറണാകുളം:** ഡോക്ടർ ആരിഫ് നംഗലി സാഹിബ് (നാസിർ ബയ്ത്തുൽ മാൽ ഖർച്ച്, ഓഫീസർ ജൽസാ സാലാന, ഖാദിയാൻ), ഹാഫിസ് മസ്ഹർ അഹ്മദ് സാഹിബ് (നാഇബ് ഓഫീസർ ജൽസാ സാലാന) എന്നിവരുടെ സന്ദർശനാർത്ഥം ഫെബ്രുവരി 8-ാം തിയ്യതി എറണാകുളം, കാക്കനാട് ജമാഅത്തുകൾ സംയുക്തമായി കാക്കനാട് ബയ്ത്തെ താഹിറിൽവച്ച് തർബിയ്യത്ത് യോഗം സംഘടിപ്പിച്ചു. യോഗത്തിൽ എറണാകുളം മേഖലാ അമീർ ബി.ബി. അഹ്മദ് കബീർ സാഹിബ് അധ്യക്ഷനായിരുന്നു. മുബാഹിൽ അഹ്മദ് സാഹിബ് ഖുർആൻ പാരായണം നിർവ്വഹിച്ചു. അനുഗൃഹീതമായ വസിയ്യത്ത് പദ്ധതിയുടെ പ്രാധാന്യത്തെക്കുറിച്ച് ഹാഫിസ് സാഹിബ് വിശദീകരിച്ചു. ഹുസൂർ തിരുമനസ്സിന്റെ അൽവസിയ്യത്ത് ആഹ്വാനത്തിന് ആവേശപൂർവ്വം ലബ്ബൈക്ക് പറഞ്ഞത് കേരളീയരാണെന്നതിൽ മലയാളിയായ തനിക്ക് അഭിമാനമുണ്ടെന്ന് അദ്ദേഹം പറഞ്ഞു. സർക്കാർ തലങ്ങളിലെ ഉയർന്ന ഉദ്യോഗപദവികളിലെത്തിച്ചേരുവാൻ അഹ്മദികൾ പരിശ്രമിക്കണമെന്നും ഇത് ജമാഅത്തിന് പ്രയോജനം ചെയ്യുമെന്നും ഡോക്ടർ നംഗലി സാഹിബ് തന്റെ പ്രഭാഷണത്തിൽ പറഞ്ഞു. ചരിത്രപ്രധാനമായ ഇത്തവണത്തെ ഖിലാഫത്ത് ജൂബിലി ജൽസയിൽ പങ്കെടുക്കുന്ന കേരളീയർക്ക് ഭക്ഷണ കാര്യങ്ങളിലും മറ്റും വിപുലമായ സൗകര്യങ്ങളൊരുക്കാൻ പരിശ്രമിക്കുമെന്ന് ജൽസയുടെ മുഖ്യചുമതല വഹിക്കുന്ന അദ്ദേഹം പറഞ്ഞു. യോഗത്തിനുശേഷം എറണാകുളം, കാക്കാനാട് ജമാഅത്തുകളിലെ പന്ത്രണ്ട് പേർകൂടി വസിയ്യത്ത് പദ്ധതിയിൽ പങ്കാളികളായി.

## ശ്രദ്ധേയമായ മുസ്‌ലിഹ് മൗഊദ് ദിനം

**എറണാകുളം:** സൗത്ത് കേരള ഖുദ്ദാമുൽ അഹ്മദിയ്യായുടെ ആഭിമുഖ്യത്തിൽ എറണാകുളം, കാക്കനാട്, കൊച്ചി, പള്ളുരുത്തി ജമാഅത്തുകളിലെ എല്ലാ അംഗങ്ങളേയും പങ്കെടുപ്പിച്ചുകൊണ്ട് 2008 ഫെബ്രുവരി 24-ാം തിയ്യതി എറണാകുളം മസ്ജിദ് ഉമറിൽവച്ച് നടത്തിയ മുസ്‌ലിഹ് മൗഊദ് ദിനയോഗം ശ്രദ്ധേയമായി. മുഹമ്മദ് യൂനുസ് സാഹിബ് വിശുദ്ധഖുർആൻ പാരായണം ചെയ്തു. അബ്ദുർ റഹീം സാഹിബ്, താഹിർ അഹ്മദ് സാഹിബ് എന്നിവർ പദ്യം ചൊല്ലി. നാസിർ ബയ്ത്തുൽ മാൽ ആമദ് മൗലാനാ ജലാലുദ്ദീൻ സാഹിബ് നയ്യരാണ് മുഖ്യപ്രഭാഷണം നിർവ്വഹിച്ചത്. ഖിലാഫത്ത് വ്യവസ്ഥിതിയെ എതിർത്തവരുടെ സ്ഥാനം ഇന്ന് എവിടെയാ



ണെന്നും ഖിലാഫത്തിനോട് ചേർന്നുനിന്നവർക്ക് ലഭിച്ച അനുഗ്രഹങ്ങളെ ന്തൊക്കെയാണെന്നും ഓരോരുത്തരും ചിന്തിച്ചുനോക്കണമെന്ന് അദ്ദേഹം പറഞ്ഞു. എറണാകുളം മേഖലയിലെ ജമാഅത്തുകൾ കൂടുതലായി വസിയ്യത്ത് പദ്ധതിയിൽ പങ്കാളികളായിതീർന്നതിൽ നയ്യർ സാഹിബ് സന്തുഷ്ടി പ്രകടിപ്പിച്ചു. ഖലീഫത്തുൽ മസീഹ് സാനി(റ) രചിച്ച 'മൻസബെ ഖിലാഫത്ത്' എന്ന കൃതിയെ ആസ്പദമാക്കി മൗലവി സലീം സാഹിബ് കൊടുങ്ങല്ലൂർ പ്രഭാഷണം നിർവ്വഹിച്ചു. ഖിലാഫത്ത് നിഷേധികളുടെ ആരോപണങ്ങൾക്കുള്ള സാനി(റ)ന്റെ യുക്തിസഹമായ മറുപടി മൗലവി സാഹിബ് വിശദമാക്കി. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)നെക്കുറിച്ചുള്ള പ്രവചനങ്ങൾ എപ്രകാരമാണ് പൂർത്തിയായതെന്ന് മൗലവി നാസിർ അഹ്മദ് സാഹിബ് വിശദീകരിച്ചു. ഭാവിതലമുറ വാർത്തെടുക്കുന്ന കാര്യത്തിൽ നാം ജാഗ്രത പുലർത്തണമെന്നും കേവലം കുറഞ്ഞ പ്രായത്തിൽ ഖിലാഫത്തിന്റെ ഭാരിച്ച ഉത്തരവാദിത്തം ഏറ്റെടുക്കേണ്ടിവന്ന സാനി(റ) കുട്ടികൾക്ക് മാതൃകയായി തീരണമെന്നും യോഗത്തിൽ അധ്യക്ഷം വഹിച്ച അമീർ സാഹിബ് അഭിപ്രായപ്പെട്ടു. ഖിലാഫത്ത് ജൂബിലിയോടനുബന്ധിച്ച് ഹുസൂർ തിരുമനസ്സ് നിർദ്ദേശിച്ച നഫൽ നോമ്പ് അന്നേദിവസം ജമാഅത്തംഗങ്ങൾ അനുഷ്ഠിച്ചിരുന്നു. എല്ലാവർക്കും പള്ളിയിൽവച്ച് ഒരുമിച്ച് നോമ്പ് തുറക്കാനുള്ള സൗഭാഗ്യം ലഭിച്ചു.

( 3-ാം പേജിൽ നിന്ന്)

ക്കൂടി വരുന്നു. പാക്ക് മനുഷ്യാവകാശ കമ്മീഷൻ ചെയർപെഴ്സണും, വിഖ്യാത മനുഷ്യാവകാശ പ്രവർത്തകയുമായ ശ്രീമതി അസ്മ ജഹാംഗീർ ഇങ്ങനെ പറഞ്ഞു: "നിസ്സാരമായ ഒരിച്ചയെങ്കിലും കൊല്ലപ്പെടുകയാണെങ്കിൽ അതിന് പിറകിൽ അഹ്മദികളോ, ജൂതന്മാരോ, ആണെന്നാണ് പാക്ക് ജനസാമാന്യത്തിന്റെ ആക്രോശം."

നിലവിൽ പാക്ക് പ്രധാനമന്ത്രിയായ ഷൗക്കത്ത് അസീസിന് പരസ്യമായി താൻ അഹ്മദിയല്ല എന്ന് പ്രഖ്യാപിക്കേണ്ടിവന്നതും (ഇദ്ദേഹത്തിന്റെ എതിരാളികൾ ഉയർത്തിയ ആരോപണമായിരുന്നു ഷൗക്കത്ത് അസീസ് 'ഖാദിയാനി'യാണെന്നത്) ഒരു പാക്ക്മന്ത്രി ടെലിവിഷൻ പരിപാടിക്കിടെ അഹ്മദികൾ കൊല്ലപ്പെടേണ്ടവരാണെന്ന് പ്രസ്താവിച്ചതും പാക്ക്ജനതയുടെ വൈകാരികമായ വിരുദ്ധ മനോഭാവം കാണിക്കുന്നു.

കമ്മീഷൻ കണ്ടെത്തിയ പ്രധാനപ്പെട്ട മറ്റൊരു കാര്യം അഹ്മദികൾക്കെതിരായ ജനവികാരം രൂപപ്പെടുന്ന വിധമാണ്. ഇതിന് പാക്കിസ്ഥാനിലെ നിരക്ഷരതയുമായി ബന്ധമുണ്ട്. അഹ്മദികളുടെ ജിഹാദിനെക്കുറിച്ചുള്ള പുരോഗമനാത്മകമായ വീക്ഷണം ഉദാഹരിച്ചുകൊണ്ട് പാക്ക് ഗ്രാമങ്ങളിലും നഗരങ്ങളിലും മുല്ലാമാർ ജനങ്ങളെ വിശ്വസിപ്പിക്കുന്നത് അഹ്മദിയ്യത്ത് ഒരു ബ്രിട്ടീഷ് ശക്തിയാണെന്നാണ്. കൂടാതെ ഇതര അഹ്മദി വിശ്വാസങ്ങളെയും പൊലിപ്പിച്ച്, തെറ്റിദ്ധാരണാജനകമായ രീതിയിൽ അവതരിപ്പിക്കുന്നു. അജ്ഞരായ സാധാരണക്കാർ ഇത് കേൾക്കുന്നതോടെ അഹ്മദികളെ ഇസ്‌ലാം തകർക്കാനെത്തിയ 'തുരപ്പന്മാ'രെന്ന പോലെ ഭയക്കാൻ തുടങ്ങുന്നു. ഇങ്ങനെയാണ് അഹ്മദിയ്യാ ജമാഅത്തിനെ രാഷ്ട്രീയമായിത്തന്നെ വേട്ടയാടാൻ മുല്ലാക്കൾ കരുക്കൾ നീക്കുന്നത്.

എന്തായാലും മുഷറഫും അദ്ദേഹത്തിന്റെ പ്രധാനമന്ത്രിയും നടത്തുന്ന പരിഷ്ക്കാരങ്ങളുടെ ഗതിയെ കമ്മീഷൻ ശ്ലാഘിച്ചിട്ടുണ്ട്. എന്നാൽ, ഇത്തരം പരിഷ്ക്കാരങ്ങളുടെ ഗതി എന്താകുമെന്ന ആശങ്കയും കമ്മീഷനുണ്ട്. മതനിന്ദാനിയമത്തെ അനാവശ്യമായി ഉപയോഗിക്കുന്ന പ്രവണതയെ നിയന്ത്രിക്കാൻ മുഷറഫിന് കഴിഞ്ഞിട്ടുണ്ട്. പക്ഷേ, പ്രകടമായ അഹ്മദി അനുകൂല നടപടികൾക്ക് ഒരു രാഷ്ട്രീയ നേതാവും ഒരുമ്പെടില്ല എന്നതുറപ്പാണ്. കാരണം അഹ്മദി അനുകൂല നിലപാട് രാഷ്ട്രീയമായ ആത്മഹത്യ തന്നെയാണ് പാക്കിസ്ഥാനിൽ. കൂടാതെ അഹ്മദികൾക്കെതിരെയുള്ള ആക്രമണങ്ങളുടെ യഥാർത്ഥ കണക്കെടുക്കാൻ ഗവർമ്മെന്റ് ഇനിയും തയ്യാറല്ല. കമ്മീഷൻ ബന്ധപ്പെട്ട സീനിയർ ഗവർമ്മെന്റ് ഉപദേഷ്ടാവ് പറഞ്ഞത് ഇങ്ങനെയാണ് "അഹ്മദികളുടെ സ്ഥിതിയെ മെച്ചപ്പെടുത്താൻ ഗവർമ്മെന്റിന് ആവില്ല. കാരണം അത് ഗവർമ്മെന്റിന്റെ ശേഷിക്കുമപ്പുറത്താണ്."

(തുടരും)

ചരിത്രപഥം

# ഉപരോധത്തിനിടയിൽ ഒരു വിയോഗം

**ഈ** ഉപരോധത്തിനിടയിലാണ് 1934 ജനുവരി മാസം അന്ത്യവാരത്തിൽ കോഴിക്കോട്ടെ ആലിയസ്സൻ മരക്കാരകത്ത് മൊയ്തീൻ കോയ സാഹിബ് എന്ന അഹ്മദീ പ്രമുഖൻ തന്റെ ഭാര്യാഗൃഹമായ അടക്കാനിവീട്ടിൽവച്ച് നിര്യാതനായത്. അദ്ദേഹത്തിന്റെ ജനാസ മറവുചെയ്യുന്നതിന് വലിയ തടസ്സം നേരിട്ടു. അതിനിഷ്ഠൂരമായ നിലപാടാണ് എതിരാളികൾ അനുവർത്തിച്ചത്. മുമ്പേ മറവു ചെയ്യാറുള്ള കണ്ണമ്പറമ്പ് ഖബർസ്ഥാനിൽ ജനാസ മറയടക്കാൻ അവർ സമ്മതിച്ചില്ല. ഹദ്റത്ത് എം. അഹ്മദ് സാഹിബിന്റെ നേതൃത്വത്തിൽ അന്നത്തെ ജമാഅത്ത് ഭാരവാഹികൾ അധികൃതരെക്കണ്ട് സഹായമാരാഞ്ഞു. മൃതദേഹം സംസ്ക്കരിക്കുന്നതിന് മറ്റൊരു സ്ഥലം കണ്ടുപിടിക്കുമ്പോഴേക്കും മൂന്നു ദിവസമാണ് മയ്യിത്ത് മറവു ചെയ്യാതെ കിടന്നത്. അഹ്മദീ പ്രവർത്തകർ രാവും പകലും സേവനനിരതരാവുകയും അങ്ങേയറ്റത്തെ മാനസിക പീഡനം അനുഭവിക്കുകയും ചെയ്തു. ഒടുവിൽ മലബാർ കലക്ടർ കാണിച്ചു കൊടുത്ത വിദൂരമായ ഒരു വിജനസ്ഥലത്ത് ജനാസ സംസ്ക്കരിക്കേണ്ടിവന്നു.

ആ കാലത്തെ അഹ്മദികളെ ആകെ കിടിലംകൊള്ളിച്ച സംഭവമാണ് പ്രസ്തുത മരണംമൂലമുണ്ടായത്. മുമ്പേ ഇവിടെ നിന്ന് ഒരു പ്രമുഖ അഹ്മദീപ്രവർത്തകനായ മുക്രിന്റകത്ത് പള്ളിക്കീഴിൽ മുഹമ്മദുകുഞ്ഞിസാഹിബ് നിര്യാതനായപ്പോൾ, പന്തിവിരോധത്തിന്റെ പ്രശ്നമില്ലാതിരുന്നതിനാൽ ജനാസ മറയടക്കുന്നതിന് പ്രയാസമൊന്നും നേരിട്ടിരുന്നില്ല. അന്ന് മയ്യിത്ത്കട്ടിലിന്റെ കാര്യത്തിൽപോലും വിഷമമില്ലായിരുന്നു.


എന്നാൽ, എം.എം. മൊയ്തീൻകോയസാഹിബിന്റെ ജനാസ ഭാരമുള്ള ഒരു ചൂടിക്കട്ടിലിൽ കിടത്തിയാണ് ചുമന്നുകൊണ്ടുപോയിരുന്നത്. മൃതദേഹം ചുമന്ന അഹ്മദികൾ ഏറെ ഭാരം സഹിക്കേണ്ടിവന്നു. അവർ സഹിച്ച ത്യാഗത്തിന് കയ്യും കണക്കുമില്ല. കെ.പി. മുഹമ്മദ്സാഹിബ്, കെ.വി. അബൂബക്കർ കോയ ഹാജിസാഹിബ്, എ. അബൂബക്കർസാഹിബ് തുടങ്ങിയവരെല്ലാമായിരുന്നു ആ കൂട്ടത്തിൽ മുൻപന്തിയിൽ.

മൃതദേഹത്തെയും വെറുതെവിടാൻ വൈരികൾ തയ്യാറായില്ല. അവർ ജനാസയുടെമീതെ പഴയ ചെരുപ്പുകളും ചൂലും എടുത്തുവച്ച് മയ്യിത്തിനെ അവഹേളിച്ചു. പോരാഞ്ഞിട്ട് ജനാസ പോകുന്ന വഴിനീളെ പിന്തുടർന്ന് അഹ്മദികളെ ദ്രോഹിച്ചു. അവരുടെ കല്ലേറും കൂക്കിവിളിയും ശകാരവാക്കുകളുംകൊണ്ട് അഹ്മദികൾ ഗതികെട്ടു. ഒടുവിൽ ജനാസാസംസ്ക്കരണം കഴിഞ്ഞ് തിരിച്ചുവരുമ്പോഴും ശത്രുക്കൾ അവരുടെ മൃഗയാവിനോദം തുടർന്നു. ക്ഷീണിച്ചവശരായ അഹ്മദീസഹോദരന്മാർ കട്ടിൽ താഴെവച്ച് ഒരു കെട്ടിടത്തിനരികിൽ വിശ്രമിക്കുകയായിരുന്നു. അവരറിയാതെ മാളികമുകളിൽ കയറിനിന്ന ചില കഠിനഹൃദയർ അവരുടെമേൽ മൂത്രമൊഴിച്ചാണ് അരിശം തീർത്തത്. ഇത്തരം കൈരാതികമായ സമ്പ്രദായങ്ങൾക്കെതിരെ അന്നത്തെ ചില പത്രങ്ങൾ പ്രതിഷേധമുയർത്തി. അവയിൽ ഒരു ദേശീയ മുസ്ലിം പത്രമായ അൽഅമീനിൽ വന്ന വാർത്ത ഏറെ ശ്രദ്ധേയമാണ്. 'കാദിയാനിയുടെ മരണവും അനന്തരക്രിയയും' എന്ന തലവാചകത്തിൽ പത്രം എഴുതുന്നു: "മൊയ്തീൻകോയ എന്നൊരു അഹ്മദിയുടെ മരണത്തെ സംബന്ധിച്ചുള്ള വിവരം ഞങ്ങൾ കഴിഞ്ഞ ലക്കത്തിൽ ചേർത്തിരുന്നുവല്ലോ. മയ്യിത്ത് ശ്മശാനസ്ഥലത്തേക്ക് കൊണ്ടുപോകുന്നതുവരെയുള്ള വിവരമായിരുന്നു അത്. അതിനുശേഷവും ചില സംഗതികൾ നടന്നതായി പിന്നീടറിവ് കിട്ടിയിരിക്കുന്നു. അതേപറ്റിയാതൊന്നും പറയാതെ മൗനംദീക്ഷിക്കുക കേവലം ആശാസ്യവും ഇസ്ലാമികവും അല്ലായ്കയാൽ ഒരു കുറിപ്പെഴുതുവാൻ നിർബന്ധിതരായതാണ്.

കാദിയാനികൾക്ക് മുസ്ലിം ശ്മശാനത്തിൽ സ്ഥലം അനുവദിക്കാമോ ഇല്ലേ എന്ന പ്രശ്നത്തെക്കുറിച്ചല്ല ഇപ്പോൾ പറയുന്നത്. ഒരു കൂട്ടരെ പിഴച്ചവരാണെന്ന കാരണത്താൽ നാം ബഹിഷ്കരിക്കുകയും അവരുടെ ശവസംസ്ക്കാരത്തിന് നമ്മുടെ സ്ഥലം അനുവദിക്കാതിരിക്കുകയും ചെയ്താൽ പിന്നെ എന്തിന്നവരുടെ ശവത്തെ അനുഗമിക്കണം? മൃതശരീരം കൊണ്ടുപോകുമ്പോൾ ചില ആഭാസന്മാർ പല വഷളത്തരങ്ങളും ചെയ്തതായി അറിഞ്ഞു. ഞങ്ങൾ നിർവ്യാജം വ്യസനിക്കുന്നു. ഏതൊരു കഠിന ശത്രുവിന്റെ ശവമായാലും അതിനെ അവഹേളിക്കാനോ നിന്ദിക്കാനോ പാടില്ലെന്നാണ് ഇസ്ലാം ഉപദേശിക്കുന്നത്. റസൂൽ തിരുമേനി, കാഫിറിന്റെ മയ്യിത്ത് കൊണ്ടുപോകുന്നതുകണ്ട അവസരത്തിൽ എഴുന്നേറ്റു നിന്നതും, ഉബയ്യുബ്നുസുലൂലിന്റെ 'ജനാസ' കഫൻ ചെയ്വാൻ കുപ്പായം കൊടുത്തതും ഈ അവസരത്തിൽ സ്മരണീയമാണ്. ഖുർആൻ പറയുന്നു: "നിങ്ങൾക്ക് അല്ലാഹുവിന്റെ റസൂലിൽ ഉത്തമമായ മാതൃകയുണ്ട്."

*(അവലംബം: കേരള അഹ്മദിയ്യാ ചരിത്രത്തിന് ഒരാമുഖം - എ. അബ്ദുശ്ശക്കൂർ)*

# ബസ്റ: കൊലയുടെ പുണ്യനഗരി



**ബസ്റ**: ബസ്റ ഇസ്ലാമിക ചരിത്രത്തിലെ ഒരു പ്രധാനപ്പെട്ട നഗരമാണ്. ഒട്ടനവധി ചരിത്രസംഭവങ്ങളുടെ പൈതൃകം അവകാശപ്പെടാവുന്ന ഈ പുരാതന നഗരം ഇറാഖിലെ രണ്ടാമത്തെ ഏറ്റവും വലിയ വാണിജ്യകേന്ദ്രമാണ്. ഇറാഖിന്റെ വാണിജ്യമേഖലയുടെ സിരാകേന്ദ്രമായിരുന്ന ബസ്റയിൽ പക്ഷേ ഇപ്പോൾ സ്ഥിതിഗതികൾ ഗുരുതരമാണ്. ഇറാഖിലെ അമേരിക്കൻ അധിനിവേശത്തെയും, തുടർന്നുള്ള സ്വാഭാവികമായ ക്രമസമാധാനരാഹിത്യത്തെയും പ്രതിഫലിപ്പിക്കുന്ന വികൃതമായ രാപ്പകലുകളാണിപ്പോൾ ബസ്റയിൽ. അമേരിക്ക തങ്ങളുടെ അധിനിവേശത്തിന്റെ തുടക്കത്തിൽതന്നെ സഖ്യകക്ഷിയായ ബ്രിട്ടന് ചുമതലയേൽപ്പിച്ച പട്ടണമാണ് ബസ്റ. എന്നാൽ, ഏതാനും മാസങ്ങൾക്കു മുമ്പ് ഇറാഖി തദ്ദേശഭരണകർത്താക്കളെ നഗരഭരണം ഏല്പിച്ചുകൊണ്ട് ബ്രിട്ടീഷ് സൈന്യം നഗരപ്രാന്തങ്ങളിലേക്ക് പിൻവലിഞ്ഞു. ഇതേതുടർന്ന് തദ്ദേശീയഭരണത്തിന്റെ കീഴിലുള്ള ബസ്റ, അതിന്റെ പുരാതനവും പ്രൗഢവുമായ ചരിത്രസൂക്ഷിപ്പുകൾ നഷ്ടപ്പെടുന്നത് നോക്കിയിരിക്കുകയാണ്.

ഇറാഖി ഭരണകൂടം എല്ലാം ശാന്തമായി എന്നവകാശപ്പെടുമ്പോഴും ബസ്റയിൽ അരാജകത്വം വർദ്ധിക്കുകയാണ്. ഡോക്ടർമാർ, അധ്യാപകർ, ഇതര പ്രൊഫഷണലുകൾ തുടങ്ങി സമൂഹത്തിന്റെ വിവിധ തലങ്ങളിലുള്ള ആളുകളെ കാണാതാവുകയാണിപ്പോൾ. നിയമപാലകർ, രാഷ്ട്രീയനേതാക്കൾ, ഗോത്രത്തലവന്മാർ എന്നിങ്ങനെയുള്ളവർ നിരന്തരമായി കൊല്ലപ്പെടുന്നു. ചുരുങ്ങിയ സമയത്തിനുള്ളിൽ ഏകദേശം നൂറോളം സ്ത്രീകൾ കൊല്ലപ്പെട്ടുകഴിഞ്ഞു. ഇറാഖി അധികൃതർ ശിയാ തീവ്രവാദികളെയാണ് ഈ സംഭവങ്ങൾക്കെല്ലാം ഉത്തരവാദികളായി കരുതുന്നത്. ശിയാക്കൾക്ക് വൻഭൂരിപക്ഷമുള്ള ബസ്റയുടെ മിക്ക ഭാഗങ്ങളും വിവിധ തീവ്രവാദി ഗ്രൂപ്പുകളാണിപ്പോൾ നിയന്ത്രിക്കുന്നത്.

പോലീസിന്റെ വാഹനങ്ങളിൽ സഞ്ചരിച്ചുകൊണ്ടാണ് ബസ്റയിൽ കൊലകൾ നടത്തുന്നത്. ഒരു ഗോത്രത്തലവന്റെ കണക്കനുസരിച്ച് ബസ്റയിൽ ഏകദേശം പത്തായിരത്തോളം പോലീസുകാരുണ്ട്. എന്നാൽ, ഇവരിൽ നാമമാത്രമായവരെ മാത്രമെ പുറമേക്ക് കാണാറുള്ളൂ. മാത്രവുമല്ല പോലീസ് വേഷം ധരിച്ച ശിയാഗറില്ലകളാണ് സദാസമയവും തെരുവിൽ റോന്തുചുറ്റുന്നത്. ഏറെക്കുറെ രണ്ട് ഡസൻ ശിയാ രാഷ്ട്രീയ സംഘടനകളുണ്ട് ബസ്റയിൽ. ഇവയ്ക്കൊക്കെയും ഓരോ സായുധവിഭാഗങ്ങളുമുണ്ട്. നഗര നിയന്ത്രണത്തിനുവേണ്ടി ഇവ അനുദിനം പരസ്പരം പോരടിക്കുന്നു. എണ്ണപ്പാടങ്ങൾ, തുറമുഖലാഭവിഹിതം, കള്ളക്കടത്ത്

*(പേജ് 7-ൽ)*

# ഖുദ്ദാമുൽ അഹ്മദിയ്യാ ധനവാരം നടത്തി (13.2.20080 – 19.2.2008)

**അലനെല്ലൂർ**: പ്രാദേശിക മജ്ലിസിന്റെ ആഭിമുഖ്യത്തിൽ 13.2.08 മുതൽ 19.2.08 വരെ ഹഫ്തയെ മാൽ നടത്തി. മാൽസെക്രട്ടറി കൂടിയായ ഖാഇദ് സി.എസ്. ഇല്യാസ് അഹ്മദ് സാഹിബിന്റെ നേതൃത്വത്തിൽ എല്ലാ വീടുകളും സന്ദർശിച്ച് ഖുദ്ദാമുൽ അഹ്മദിയ്യാ അത്ഫാലുൽ അഹ്മദിയ്യാ ചന്ദ പിരിച്ചെടുക്കുകയുണ്ടായി. ഹഫ്തയെമാൽ (ധനവാരം) സമാപനയോഗത്തിൽ സി.എസ്. ഇല്യാസ് അഹ്മദ് അധ്യക്ഷത വഹിച്ചു. എം. റിശാദ് ഖുർആൻ പാരായണം നടത്തി. സി. ഷെനിൽ പദ്യം ചൊല്ലി. സി. സിറാജുൽ മുനീർ നന്ദി പ്രകാശിപ്പിച്ചു. മൗലവി കെ. ഖമറുദ്ദീൻ സാഹിബ് യോഗത്തിൽ മുഖ്യപ്രഭാഷണം നടത്തി. നാം ഖിലാഫത്ത് ജൂബിലിയിലേക്ക് പ്രവേശിച്ച ഈ കാലഘട്ടത്തിൽ ധനത്യാഗത്തിന്റെ പ്രാധാന്യത്തെ സംബന്ധിച്ച് ഓരോരുത്തരും മനസ്സിലാക്കണമെന്നും അദ്ദേഹം പറഞ്ഞു. ഖിലാഫത്തുമായി വലയം ചെയ്തിട്ടുള്ള ലോകത്തിലെ ഏറ്റവും കെട്ടുറപ്പുള്ള ബയ്ത്തുൽ മാൽ എന്ന സാമ്പത്തികപദ്ധതി നമുക്കാണുള്ളതെന്നും, അല്ലാഹുവിന്റെ മാർഗ്ഗത്തിൽ എല്ലാ പരീക്ഷണഘട്ടങ്ങളെയും തരണം ചെയ്തു കൊണ്ട് ധനം ഖുർബാൻ ചെയ്യാനുള്ള സൗഭാഗ്യം നമുക്കാണ് ലഭിച്ചിട്ടുള്ളതെന്നും തുടർന്ന് പറഞ്ഞു. നിങ്ങൾക്ക് ഇഷ്ടപ്പെട്ട ധനം അല്ലാഹുവിന്റെ മാർഗ്ഗത്തിൽ അവന്റെ പ്രീതിക്കായി ഇഷ്ടത്തോടെ ചെലവഴിക്കാനാണ് ഖുർആന്റെ നിർദ്ദേശമെന്നും, കുട്ടികൾ അവരുടെ രക്ഷിതാക്കൾ മിഠായി വാങ്ങാൻ നല്കുന്ന ധനം സ്വരൂപിച്ചുകൊണ്ട് അല്ലാഹുവിന്റെ മാർഗ്ഗത്തിൽ നല്കുന്ന ശീലം ഉണ്ടാക്കണമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.
ഭൗതിക കാര്യങ്ങൾക്കായി കൂടുതൽ പണം ചെലവഴിക്കുന്ന ഈ കാലഘട്ടത്തിൽ, ജമാഅത്തുമായി ചേർന്നു നിന്നുകൊണ്ട് ആത്മീയ മാർഗ്ഗത്തിൽ ചെലവാക്കാനുള്ള കെട്ടുറപ്പുള്ള സാമ്പത്തികപദ്ധതി നിലനില്ക്കാനാണ് ഖുദ്ദാമുൽ അഹ്മദിയ്യാ ധനവാരം ആഘോഷിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു.

# അഹ്മദികൾക്ക് വോട്ടവകാശം നിഷേധിക്കപ്പെട്ടു

**ഇസ്ലാമാബാദ്**: പാക്കിസ്ഥാനിൽ നടന്ന പാർലമെന്റ് പ്രവിശ്യാ അസംബ്ലി തെരഞ്ഞെടുപ്പുകളിൽ നിഷ്പക്ഷമായി ജനഹിതം രേഖപ്പെടുത്തപ്പെട്ടുവെന്ന് ഗവർമ്മെന്റ് വക്താക്കൾ അവകാശപ്പെട്ടു. എന്നാൽ, അന്യായമായ ചില വകുപ്പുകളാൽ പാക്കിസ്ഥാനിലെ അഹ്മദിയ്യാ സമൂഹത്തിന് വോട്ട് വിനിയോഗിക്കാനവസരം ലഭിച്ചില്ല. 1985-ൽ സിയാഉൽ ഹഖ് കൊണ്ടുവന്ന ഭരണഘടനാ ഭേദഗതിയാണ് അഹ്മദികളെ ഇലക്ഷൻ ബഹിഷ്കരണത്തിലേക്കെത്തിച്ചത്. ഈ നിയമത്തിലൂടെ അഹ്മദികൾ പൊതുവോട്ടർ പട്ടികയിൽ നിന്ന് ഒഴിവാക്കപ്പെട്ടിരുന്നു. അഹ്മദികളുടേത് പ്രത്യേകമായ (സപ്ലിമെന്ററി) വോട്ടർ പട്ടികയാണ്. ഈ വിവേചനത്തിൽ പ്രതിഷേധിച്ചാണ് 1985 മുതൽ ജമാഅത്ത് തെരഞ്ഞെടുപ്പ് ബഹിഷ്കരിക്കുന്നത്.

സിയാവുൽഹഖിന് ശേഷം ഭരണത്തിലേറിയ ബേനസീർ ഭൂട്ടോയും നവാസ്ശെരിഫും ഇപ്പോൾ ജനറൽ മുഷറഫും ഈ നിയമഭേദഗതിയെ മാറ്റിയിട്ടില്ല. പാക്ക് ഇലക്ഷൻ പ്രക്രിയയിലെ അഹ്മദിയ്യാ വിരുദ്ധ നടപടികളെ അഹ്മദിയ്യാ മുസ്ലിം ജമാഅത്ത് അപലപിച്ചു. ജമാഅത്തിന്റെ ലണ്ടനിലെ പ്രസ്സ് സെക്രട്ടറി ആബിദ്ഖാൻ പുറത്തിറക്കിയ പത്രകുറിപ്പിൽ നിർഭയമായും, നിഷ്പക്ഷമായും വോട്ട് രേഖപ്പെടുത്തപ്പെട്ടു എന്ന ഗവർമ്മെന്റ് നിലപാടിനെ ശക്തിയുക്തം എതിർത്തു. മുല്ലാമാരുടെ സമ്മർദ്ദത്തിനു വഴങ്ങി അഹ്മദികൾക്ക് വോട്ടവകാശം നിഷേധിക്കുന്നത് നിന്ദ്യമാണെന്ന് ജമാഅത്ത് കുറ്റപ്പെടുത്തി.

*( 3-ാം പേജിൽ നിന്ന്)*

ടൊപ്പം ചേർന്നതോടെ ക്ലാസ്സ് കൗതുകകരവും വിജ്ഞാനപ്രദവുമായി മാറി. ജനാസ കുളിപ്പിക്കേണ്ട രീതിയെക്കുറിച്ചും മറ്റും ശ്രോതാക്കളുടെ ചോദ്യങ്ങൾക്ക് വിശദമായ മറുപടി നല്കി. തുടർന്ന് മൗലവി മുഹമ്മദ് സലീം സാഹിബ് (കൊടുങ്ങല്ലൂർ) തന്റെ തബ്ലീഗ് അനുഭവങ്ങൾ ശ്രോതാക്കളുമായി പങ്കുവച്ചു. ബയ്അത്ത് ചെയ്തനാൾമുതൽ കേരളത്തിലും ആന്ധ്രയിലുമായി നേരിടേണ്ടിവന്ന ശാരീരിക മാനസിക പീഡനങ്ങൾ അദ്ദേഹം വിശദമാക്കിയപ്പോൾ സമയം വളരെ പെട്ടെന്ന് അവസാനിച്ചതായി ഖാദിമീങ്ങൾക്ക് തോന്നി. ഇലാഖാ ഖാഇദ് ഇ.എച്ച്. നജീബ്സാഹിബിന്റെ സമാപനപ്രഭാഷണത്തെത്തുടർന്ന് സഫ്വാൻ സാഹിബ് നന്ദിപ്രകാശനം നിർവഹിച്ചു. മജ്ലിസ് അൻസാറുല്ലാ എറണാകുളം മേഖലാ നാസിം ഷാഹുൽ ഹമീദ് സാഹിബ് മത്സര വിജയികൾക്ക് സമ്മാനങ്ങൾ വിതരണം ചെയ്തു. 2008 ഫെബ്രുവരി 10-ാം തിയ്യതി കാക്കനാട് ബയ്ത്തെ താഹിറിൽ വച്ചാണ് ഇജ്തിമ സംഘടിപ്പിച്ചത്.


## വിശുദ്ധ ഖുർആൻ

“നിങ്ങളുടെ നാഥനിൽനിന്നും നിങ്ങൾക്ക് തെളിവുകൾ വന്നെത്തിയിരിക്കുന്നു. അതിനാൽ, ആരെങ്കിലും അത് കണ്ട് മനസ്സിലാക്കുന്നതാകയാൽ അതിന്റെ ഗുണം അവനുതന്നെയായിരിക്കും. ആരെങ്കിലും അന്ധത (വക്രത) കൈക്കൊള്ളുന്നതായാൽ അതിന്റെ ദോഷഫലം അവനുതന്നെയായിരിക്കും ഞാൻ നിങ്ങളുടെ മേൽ ഒരു കാവൽക്കാരനല്ല (എന്ന് നീ പറയുക). (6:105)

## നബിവചനം

“ഹദ്റത്ത് അബൂഉമാമ(റ)യിൽനിന്ന് നിവേദനം. നബി(സ) പറഞ്ഞു: രണ്ട് തുള്ളിയെക്കാളും രണ്ടടയാളങ്ങളേക്കാളും അല്ലാഹുവിന് ഇഷ്ടപ്പെട്ട ഒരു കാര്യവുമില്ല. അല്ലാഹുവിനെ ഭയപ്പെട്ട് കരയുമ്പോഴുണ്ടാകുന്ന കണ്ണുനീർതുള്ളിയും അല്ലാഹുവിന്റെ മാർഗ്ഗത്തിൽ യുദ്ധം ചെയ്യുമ്പോഴുണ്ടാകുന്ന രക്തതുള്ളിയുമാണവ. അടയാളങ്ങളിലൊന്ന് ദൈവമാർഗ്ഗത്തിൽ പരിക്കുപറ്റിയാലുണ്ടാവുന്നതും മറ്റേത് അല്ലാഹു നിർബന്ധമാക്കിയ ഫർളുകളിൽനിന്നുള്ള ഒരു ഫർള് (നമസ്കാരം) അനുഷ്ഠിച്ചിട്ടുണ്ടാകുന്ന അടയാളവുമാണ്. (*ബുഖാരി*)”

## യുഗശബ്ദം



ഞാൻ രക്തദാഹി മഹ്ദിയിലും ചോരക്കൊതിയൻ മസീഹിലും വിശ്വസിക്കുന്നില്ല. അല്ലാ, ഞാൻ അത്തരം നിരർത്ഥ ആശയങ്ങളെ വെറുക്കുകയും അവജ്ഞയോടെ തള്ളിക്കളയുകയും ചെയ്യുന്നു. അവരുടെ ഭാവനയിലുള്ള ഇത്തരം മഹ്ദിയിലും ഇത്തരം മസീഹിലും വിശ്വസിക്കാത്തതിനാലാണ് അവരെന്നെ കാഫിറാക്കിയിരിക്കുന്നത്. എന്നുമാത്രമല്ല, ദൈവത്തിൽനിന്നുള്ള വ്യക്തമായ വെളിപാടനുസരിച്ച് ബൈബിളിലും ഖുർആനിലും ഹദീസുകളിലും സുവിശേഷമറിയിക്കപ്പെട്ട സത്യമഹ്ദിയും വാഗ്ദത്തം ചെയ്യപ്പെട്ട സത്യമസീഹും ഞാൻ തന്നെയാണെന്ന് ഞാൻ പരസ്യമായി പ്രഖ്യാപിച്ചിട്ടുള്ളതും എന്നെ കാഫിറാക്കിയതിനുള്ള കാരണംതന്നെ. എന്നാൽ, മഹ്ദി മസീഹാണെന്ന് വാദിക്കുന്ന എനിക്ക് വാളോ തോക്കോ നല്കപ്പെട്ടിട്ടില്ല. വിനയത്തോടും സൗമ്യതയിലും ജനങ്ങളെ ദൈവത്തിലേക്ക് വിളിക്കാനാണ് ഞാൻ ആജ്ഞാപിക്കപ്പെട്ടിട്ടുള്ളത്. ആ ദൈവമാകട്ടെ, നിത്യനും മാറ്റമില്ലാത്തവനും പരമപരിശുദ്ധനും പരമജ്ഞാനിയും പരമകാരുണികനും പരമനീതിമാനുമായ സത്യദൈവമാകുന്നു.

ഈ ഇരുണ്ട കാലഘട്ടത്തിലെ വെളിച്ചമാവുന്നു ഞാൻ. ഇരുട്ടിൽ നടക്കുന്നവർക്കായി പിശാച് ഒരുക്കിവെച്ച പടുകുഴിയിൽ വീഴുന്നതിൽനിന്ന് എന്നെ പിന്തുടരുന്നവർ രക്ഷിക്കപ്പെടും. സമാധാനത്തിലൂടെയും വിനയമാർഗ്ഗത്തിലും സത്യദൈവത്തിലേക്ക് ജനങ്ങളെ വഴിനടത്തുന്നതിനും ഇസ്ലാമിൽ ധാർമ്മികതയ്ക്കുള്ള സ്ഥാനം ഊന്നിയുറപ്പിക്കുന്നതിനുമായിട്ടത്രെ എന്നെ ദൈവമയച്ചിട്ടുള്ളത്. സത്യാന്വേഷികൾക്ക് സംതൃപ്തി പ്രദാനം ചെയ്യുന്ന സ്വർഗ്ഗീയ അടയാളങ്ങൾ ദൈവം എനിക്കുവേണ്ടി വെളിപ്പെടുത്തിയിരിക്കുന്നു. എനിക്ക് പിന്തുണ നല്കിക്കൊണ്ട് അല്ലാഹു അത്ഭുതങ്ങൾ കാണിച്ചു. ദിവ്യദൗത്യം വാദിക്കുന്ന സത്യാത്മാക്കളുടെ അടയാളമായി വേദഗ്രന്ഥങ്ങൾ വിവരിച്ചുതരുന്നപ്രകാരം അദൃശ്യകാര്യങ്ങളെക്കുറിച്ചും ഭാവിയെപ്പറ്റിയുള്ള രഹസ്യവിവരങ്ങൾ എനിക്ക് ദൈവം വെളിപ്പെടുത്തിത്തന്നിരിക്കുന്നു. അവനെനിക്ക് പാവനവും പരിശുദ്ധവുമായ ജ്ഞാനം നല്കി എന്നെ അനുഗ്രഹിച്ചിരിക്കുന്നു. ആകയാൽ, സത്യത്തെ വെറുക്കുകയും ഇരുട്ടിനെ ഇഷ്ടപ്പെടുകയും ചെയ്യുന്ന ആത്മാക്കൾ എനിക്കെതിരായിത്തിരിഞ്ഞു. എന്നാൽ, എനിക്ക് ആവോളം ഞാൻ മനുഷ്യവംശത്തിന്റെ നേരെ അനുകമ്പാലു ആയിരിക്കുന്നതാണ്. (*യേശുമിശിഹാ ഇന്ത്യയിൽ*)

## തർബിയ്യത്ത് യോഗം

**കൊടുങ്ങല്ലൂർ:** 24.2.08 ഞായർ രാവിലെ 10 മണി മുതൽ 11.30വരെ മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യായുടെ ആഭിമുഖ്യത്തിൽ ഖിലാഫത്ത് ജൂബിലിയോടനുബന്ധിച്ചുള്ള തർബിയ്യത്ത് ക്ലാസ്സ് നടത്തി. ഖാഇദ് മൊയ്തീൻബാബു സാഹിബിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ മുഹമ്മദ് ഇസ്ഹാക്ക് സാഹിബ് ഖുർആൻ പാരായണം നടത്തി. സനീറുദ്ദീൻ സാഹിബ് പദ്യം ചൊല്ലി. മൗലവി മുഹ്യുദ്ദീൻ സാഹിബ് ഖലീഫത്തുൽ മസീഹ് സാനി(റ)ന്റെ മൻസബെ ഖിലാഫത്ത് എന്ന പുസ്തകത്തെ ആസ്പദമാക്കി ക്ലാസ്സെടുത്തു.

## ഘാന സർജിക്കൽ മിഷൻ



**ഘാന**: ഘാനയിൽ ഹ്യൂമാനിറ്റിഫസ്റ്റിന്റെ ആഭിമുഖ്യത്തിൽ വമ്പിച്ച ശസ്ത്രക്രിയ ദൗത്യം സംഘടിപ്പിക്കപ്പെട്ടു. ഘാനയിൽ ന്യൂറോ-സ്പൈനൽ റിസർച്ച് ഡവലപ്പ്മെന്റ് ഓർഗനൈസേഷനുമായി സഹകരിച്ചുകൊണ്ടാണ് ഈ ദൗത്യം പൂർത്തിയാക്കിയത്. 2006 മുതൽ നിലവിലുള്ള ഈ ബൃഹത് പദ്ധതി ജനപങ്കാളിത്തം കൊണ്ട് ശ്രദ്ധേയമായി. ഹ്യൂമാനിറ്റി ഫസ്റ്റിന്റെ ഈ പദ്ധതിയെ ഘാനയിലെ മാധ്യമങ്ങൾ ഏറെ പ്രകീർത്തിച്ചിട്ടുണ്ട്. ഘാനാ ഗവർമെന്റും ഹ്യൂമാനിറ്റിയെ വളരെയേറെ അഭിനന്ദിച്ചു. ഇത്തവണ ഘാനയിലെ ഏറ്റവും വലിയ സർവ്വകലാശാലാ ആശുപത്രികളിലൊന്നായ കോർലെ-ബു ആശുപത്രിയിലാണ് പ്രധാനമായും ഹ്യൂമാനിറ്റി ഫസ്റ്റ് ശ്രദ്ധ കേന്ദ്രീകരിച്ചിട്ടുള്ളത്. ഇവിടെ ന്യൂറോജളിയുമായി ബന്ധപ്പെട്ട രോഗികളെയാണ് ശസ്ത്രക്രിയക്ക് വിധേയരാക്കിയത്. പൊതുശസ്ത്രക്രിയ വിഭാഗത്തിലുള്ള ഹ്യൂമാനിറ്റി ഫസ്റ്റ് പ്രവർത്തകർ ഇതിനടുത്തുതന്നെയുള്ള ദോബോസ് ആശുപത്രിയിലാണ് നിരാലംബരായ രോഗികളെ പരിശോധിച്ചത്. മറ്റൊരു വിദൂര ഗ്രാമമായ അസോകോർ ഗ്രാമത്തിലും ഹ്യൂമാനിറ്റി ഫസ്റ്റിന്റെ ഡോക്ടർമാർ ശസ്ത്രക്രിയകൾ നടത്തി. ഇവിടെ ഒരേ തിയേറ്ററിൽ വച്ച് ഒരേസമയം ഒന്നിലധികം ശസ്ത്രക്രിയകൾ നടത്തിക്കൊണ്ട് ഗവർമ്മെന്റ് ഉദ്യോഗസ്ഥരെ അമ്പരിപ്പിച്ചു. ഇത്തവണ 13 ദിവസങ്ങൾ കൊണ്ട് ഹ്യൂമാനിറ്റി ഫസ്റ്റ് സംഘം 350 ഓളം രോഗികളെ പരിശോധിക്കുകയും 55 ഓളം ശസ്ത്രക്രിയകൾ നടത്തുകയും ചെയ്തു.

## സാമ്പത്തികത്യാഗത്തിലൂടെ ശുഭപര്യവസാനം നേടുക: നാസിർ സാഹിബ് ബയ്ത്തുൽമാൽ

**മുറിയക്കണ്ണി**: സമ്പത്തും സന്തതികളും നമുക്ക് പരീക്ഷണമാണെന്നും പരീക്ഷണത്തിലെ ജയാപചയം സമ്പത്തിനെയും സന്തതികളെയും ഉപയോഗപ്പെടുത്തുന്ന രീതിയെ അടിസ്ഥാനമാക്കിയാണെന്നും, ശുഭപര്യവസാനത്തിനും ആത്മീയ പരിശുദ്ധിക്കും സാമ്പത്തികത്യാഗം വളരെ നിർബന്ധമായ ഘടകമാണെന്നും നാസിർ സാഹിബ് ബയ്ത്തുൽ മാൽ മൗലാനാ ജലാലുദ്ദീൻ സാഹിബ് നയ്യർ പ്രസ്താവിച്ചു. തർബിയ്യത്ത് യോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ഈമാനിന് ചൈതന്യവും പുഷ്ടിയും ലഭിക്കുന്നത് സൽകർമ്മങ്ങളിലൂടെയാണ്. ആ കർമ്മങ്ങളിൽ പ്രധാനപ്പെട്ട ഒന്നാണ് അല്ലാഹുവിന്റെ മാർഗ്ഗത്തിലുള്ള സാമ്പത്തികത്യാഗം. ഇതിൽ മുന്നോട്ട് ഗമിക്കുന്നവരുടെ ഈമാനിന് പ്രകാശവും ദൃഢതയും ലഭിക്കുന്നു. സാമ്പത്തികത്യാഗങ്ങളിൽ നിന്നും പിന്നോട്ട് പോകുന്നവരുടെ ഈമാൻ ശുഷ്കിച്ച് പോകുമെന്നും ഈ അവസ്ഥ വരാതിരിക്കാൻ നാം കരുതിയിരിക്കണമെന്നും അദ്ദേഹം ഉണർത്തുകയുണ്ടായി.

കെ. ബശീർ സാഹിബിന്റെ ഖുർആൻ പാരായണത്തോടെ ആരംഭിച്ച യോഗത്തിൽ കെ. ബശീറുദ്ദീൻ ശംസ് പദ്യം ആലപിച്ചു. ഇസ്ലാഹ്-ഒ-ഇർശാദ് സെക്രട്ടറി ടി. കുഞ്ഞീതു മാസ്റ്റർ അധ്യക്ഷനായിരുന്നു.

## അഹ്മദിയ്യാ ജമാഅത്ത്

***അബൂ ശഹീദഹ്മദ്. സി.എച്ച്, പഴയങ്ങാടി***

ആകാശതാരകൾ ഭൂസൃഷ്ടി രഹസ്യം
അറിയണമല്ലാഹുവുണ്ടെന്നുള്ളൊരു സത്യം
ആരാധന മാനവരിൽ ദൈവകൽപിതം
അനുസരണം രാജരാജനവനിൽ നിത്യം!

ഇഹലോകജീവിതത്തിൻ ദുർവിചിന്തനം
അഹോ പാഴ്വേലകളിൽ മുഴുവൻ സമയം
കൈവെടിഞ്ഞ് പോകണമീ മർത്ത്യർ ലോകം
കാര്യമേതും അല്ലാഹുവിൻ പരമാധികാരം!

ദൂതന്മാരിൽ അല്ലാഹുവിൻ ഇൽഹാം വർഷം
ദിവ്യഗ്രന്ഥങ്ങളിൽ അവ ലിഖിതം സർവം
സർവനാഥനല്ലാഹുവിൽ സർവമർപ്പിതം
ഇഹപര ജീവിതങ്ങൾ അർത്ഥനിർഭരം!

ഒരുക്കമാ നിമിഷങ്ങൾ ത്യാഗസുരഭിലം
ഒരിക്കലും ഇല്ലവരിൽ നഷ്ടവിചാരം
മാലാഖമാർ വന്നവരിൽ ആശ്വാസവചനം
ഏകുകയാണ് പരം ലോകസുഖ വാഗ്ദാനം!

സത്യമതങ്ങളിൽ കണ്ട വിജയരഹസ്യം
സർവശക്തനല്ലാഹുവിൻ കരുണാകടാക്ഷം
പ്രവാചകർ പിൻമുറയിൽ പ്രതിനിധി സംഘം
പരമ്പര ഖലീഫമാരുടെ സാന്നിധ്യം!

ആദംനബി തൊട്ടിന്നുവരെയായി ലോകം
അഹ്മദിയ്യാ ജമാഅത്തിൽ ഇന്ന് ദർശനം
ആഗോളാടിസ്ഥാനത്തിലാത്മീയമാം മാർഗ്ഗം
ആരിൽ കാണും ഇന്നീവിധം നേതൃസ്ഥാനം!

മഹ്ദി ഇമാം അവരുടേതാം ദിവ്യാവതാരം
പതിനാലാം നൂറ്റാണ്ട് തലക്കൽ കൃത്യം
പുണ്യമായ ഖാദിയാനിൽനിന്നു സന്ദേശം
ഇന്ന് ലോകകോണുകളിൽ മുഴുവൻ ദേശം!

സത്യവേദം ഖുർആനിൽ സംരക്ഷണം
അന്ത്യമതം ഇസ്ലാമിൻ പുനരുത്ഥാനം
മുഹമ്മദ് നബിതങ്ങൾ പ്രവചനവാക്യം
അഹ്മദിയ്യാ ജമാഅത്തിൽ സാക്ഷാൽക്കാരം!

സത്യമസീഹിന്റെ ഖലീഫകളിൽ ദൃശ്യം
മുത്തുനബിതങ്ങളുടെ ഖുലഫാ രൂപം
ഖാമിസ് ഖലീഫയോ കൃത്യം ഭൂവിലോഗതം
ഖിലാഫത്ത് ശതവർഷം ജൂബിലി സമയം!

ഖലീഫത്തുൽ മുഅ്മിനീൻ മുഴുനിർദ്ദേശം
ശിരസ്സുകളിൽ അഹ്മദികൾക്കെന്നുമാവേശം
ദീനീസ്ലാം തത്ത്വങ്ങൾ മോക്ഷനിദാനം
സർവ്വനാഥൻ കൃപമാത്രം ക്ഷേമവികാരം!

ആശ്വാസം ചന്ദകളോ ശറഅ് പ്രകാരം
മൂസികളായ് മാറിടുവാനവരിലാഗ്രഹം
വഖ്ഫ് ജദീദ് തഹ്രീക് ജദീദ് ധനങ്ങൾ ത്യാഗം
ബദ്ധശ്രദ്ധർ അഹ്മദികൾ മുഴുവൻലോകം!

ഉരുക്കിന്റെ ഗേഹമൊന്നാണീ പ്രസ്ഥാനം
തകർത്തങ്ങ് കളയുകയോ ഇനി അതസാധ്യം
ഭൂലോക വാസികളിൽ ദിവസം ദിവസം
അഭയം നൽകാനൊരുങ്ങും വിശാലസദനം!

ആത്മീയനിർവൃതിയിൽ നിത്യനിവാസം
മുഅ്മിനീങ്ങൾ ശാന്തിസമാധാനമനുഭവം
സർവ്വനാഥനല്ലാഹുവിൽ സ്തുതിനിരന്തരം
റസൂലുല്ലാഹ് മുഹമ്മദിൻ ആദരം ദിനം!

നരകത്തിൻ രക്ഷയതോ എത്ര സാഹസം
സ്വർഗ്ഗത്തിൻ കവാടമോ വിദൂരസത്യം
മസീഹ് മൗഊദരുളിയതാം സാരോപദേശം
അനായാസമേകുമതിൽ പുണ്യജീവിതം!

## അറിയിപ്പ്

പല മജ്ലിസുകളിൽനിന്നും ഖുത്ബ അൽഹഖ് എന്നിവയുടെ മുൻകാല കുടിശ്ശിക ലഭിക്കാൻ ബാക്കിയുള്ളതു മേൽപറഞ്ഞവയുടെ പ്രസിദ്ധീകരണത്തെ പ്രതിസന്ധിയിലാക്കിയിരിക്കുകയാണ്. ആയതിനാൽ മുഴുവൻ കുടിശ്ശിക സംഖ്യയും ഉടനെതന്നെ താഴെ പറയുന്ന വിലാസത്തിൽ അയക്കുക.

***എഡിറ്റർ, അൽഹഖ്, C/o. അഹ്മദിയ്യാ കോംപ്ലക്സ്, ഫോർട്ട് റോഡ്, കണ്ണൂർ - 1.***

# ഡാനിഷ് കാർട്ടൂൺ: ജമാഅത്ത് അപലപിച്ചു

**ലണ്ടൻ:** രണ്ടുവർഷം മുമ്പേ വിവാദമുയർത്തിയ നബി(സ)യുടെ കാർട്ടൂൺ ചിത്രങ്ങൾ ഇപ്പോൾ വീണ്ടും പുനഃപ്രസിദ്ധീകരിച്ച ഡാനിഷ് പത്രങ്ങളുടെ നടപടിയെ അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് അപലപിച്ചു. ലണ്ടനിലെ അഹ്മദിയ്യാ ജമാഅത്ത് പുറത്തിറക്കിയ പത്രകുറിപ്പിലാണ് ഇക്കാര്യം പറഞ്ഞത്. ഈ നടപടി എല്ലാ വിഭാഗം മുസ്‌ലിംകളേയും വ്രണപ്പെടുത്തുന്നതാണെന്ന് പത്രകുറിപ്പ് പറയുന്നു.

ഡാനിഷ് പത്രങ്ങൾ തങ്ങളുടെ സ്വാതന്ത്ര്യത്തെക്കുറിച്ച് പറയുന്നുവെങ്കിലും ഒരു പുണ്യാത്മാവിനെ ഇത്തരത്തിൽ അപമാനിക്കുന്നത് ന്യായീകരിക്കാനാവില്ല. ദശലക്ഷക്കണക്കിന് ആളുകളുടെ രോഷം പുറത്തെടുക്കാനാണിതുപകരിക്കുകയെന്ന് പത്രകുറിപ്പിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. മുഹമ്മദ് നബി(സ)യെ തങ്ങളുടെ വഴികാട്ടിയായി കരുതുന്ന ആളുകളുടെ വികാരത്തെ ഈ നടപടി വീണ്ടും ആളിക്കത്തിക്കും. രണ്ടുവർഷം മുമ്പുതന്നെ കാർട്ടൂണുകൾ ഉയർത്തിയ പ്രശ്നകോലാഹലങ്ങൾ അറിയുന്ന പത്രപ്രവർത്തകരും, പത്രങ്ങളും അതേ കാര്യങ്ങൾതന്നെ പുനഃപരിശോധിക്കുന്നത് കടുത്ത അനീതിയാണ്. അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് ലോകവ്യാപകമായി 'എല്ലാവരോടും സ്നേഹം, വെറുപ്പ് ആരോടുമില്ല' എന്ന മുദ്രാവാക്യമാണുയർത്തുന്നത്. തങ്ങളുടെ വർണ്ണ, വർഗ്ഗ വ്യതിയാനങ്ങൾക്കതീതമായി ആളുകൾ ഈ സന്ദേശത്തെ നെഞ്ചേറ്റുമെന്നാണ് ജമാഅത്തിന്റെ പ്രതീക്ഷ. എന്നാൽ, കാർട്ടൂൺ പുനഃപ്രസിദ്ധീകരിച്ചതിലൂടെ ഈ നല്ല സന്ദേശത്തെ തള്ളിക്കളയുകയാണ് ഡാനിഷ് പത്രങ്ങളെന്ന് പത്രക്കുറിപ്പിൽ തുടർന്ന് പറയുന്നു.

# കർമ്മങ്ങളിലൂടെ വിപ്ലവമുണ്ടാക്കുക: മേഖലാ അമീർ

**മുറിയക്കണ്ണി**: കാര്യങ്ങൾ പറയുന്നതുകൊണ്ട് മാത്രം പരിവർത്തനം ഉണ്ടാകില്ലെന്നും പറയുന്ന കാര്യങ്ങൾ കർമ്മങ്ങളിലൂടെ കാണിക്കുമ്പോൾ മാത്രമേ ലോകത്ത് വിപ്ലവമുണ്ടാക്കാൻ സാധിക്കുകയുള്ളൂവെന്നും, ആയതിനാൽ നാം പറയുന്നതും അവകാശപ്പെടുന്നതുമായ കാര്യങ്ങൾ തഖ്‌വയിൽ പദമൂന്നിക്കൊണ്ട് പ്രവർത്തിച്ച് കാണിക്കേണ്ടതാണെന്നും, മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ പ്രാദേശിക ഇജ്തിമ ഉദ്ഘാടനം ചെയ്തുകൊണ്ട് പാലക്കാട് മേഖലാ അമീർ പ്രൊഫസർ എം.കെ. അബ്ദുൽകരീം സാഹിബ് ആഹ്വാനം ചെയ്തു.

പ്രവാചകന്മാർ ലോകത്തുണ്ടാക്കിയ വിപ്ലവം ഇവ്വിധമാണെന്നും ഹദ്റത്ത് മസീഹ് മൗഊദ്(അ) തന്റെ ബയ്അത്തിന്റെ നിബന്ധനയിൽ പറഞ്ഞിട്ടുള്ള കാര്യങ്ങളിലധികവും കർമ്മങ്ങളിലധിഷ്ഠിതമായ കാര്യങ്ങളാണെന്നും, ആ നിബന്ധനകൾ നാം പ്രാവർത്തികമാക്കുമ്പോൾ മാത്രമേ ലോകത്ത് വൻവിപ്ലവം സൃഷ്ടിക്കാൻ നമുക്ക് സാധിക്കുകയുള്ളൂവെന്നും അദ്ദേഹം തുടർന്നു പറഞ്ഞു. ടി. മുസഫർ അഹ്മദിന്റെ ഖുർആൻ പാരായണത്തോടെ ആരംഭിച്ച യോഗത്തിൽ കെ. ബശീറുദ്ദീൻ ശംസ് പദ്യം ചൊല്ലി. ഖായിദ് ടി. നൂറുദ്ദീൻ സാഹിബ് അധ്യക്ഷത വഹിച്ചു. 'ഖിലാഫത്ത് ജൂബിലി ആഘോഷത്തിൽ ഖുദ്ദാമുൽ അഹ്മദിയ്യായുടെ പങ്ക്' എന്ന വിഷയത്തെക്കുറിച്ച് മൗലവി എച്ച്. ശംസുദ്ദീൻ സാഹിബും 'ഖിലാഫത്തും വസിയ്യത്ത് പദ്ധതിയും' എന്ന വിഷയത്തെക്കുറിച്ച് മൗലവി ഹിദായത്തുല്ലാ സാഖാഫിയും ക്ലാസ്സുകളെടുത്തു.

# ന്യൂനപക്ഷ പീഡനം; പാക്കിസ്ഥാൻ മുന്നോട്ട്

**ഇസ്‌ലാമാബാദ്**: വംശീയ-മത ന്യൂനപക്ഷ പീഡനങ്ങളുടെ കാര്യത്തിൽ പാക്കിസ്ഥാൻ ലോകത്തിലെ ആദ്യ പത്ത് രാജ്യങ്ങളിലൊന്ന്. ലണ്ടൻ ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന ന്യൂനപക്ഷ അവകാശ സംഘടന (MRG) പുറത്തിറക്കിയ റിപ്പോർട്ടിലാണ് ഇക്കാര്യമുള്ളത്. പാക്കിസ്ഥാന് തൊട്ടു പിറകിൽ ശ്രീലങ്കയാണുള്ളത്. ബംഗ്ലാദേശും നേപ്പാളും ഒട്ടും മോശമല്ല. എന്നാൽ, ഇന്ത്യ ഇക്കാര്യത്തിൽ വളരെ മെച്ചപ്പെട്ട സ്ഥലമാണെന്ന് റിപ്പോർട്ട് ചൂണ്ടിക്കാട്ടുന്നു.

വംശീയ ന്യൂനപക്ഷങ്ങൾക്ക് ഏറ്റവും അപകടകരമായ സ്ഥലമായി റിപ്പോർട്ടിൽ പറയുന്നത് സോമാലിയ ആണ്. സോമാലിയായിൽ ദറൂദ്, ഹവിയേ, ഒഗാദനി, ബണ്ടു തുടങ്ങിയ വംശീയ ന്യൂനപക്ഷവിഭാഗങ്ങൾ കടുത്ത പീഡനങ്ങളുടെ നടുവിലാണുള്ളത്. ഇറാഖിൽ സുന്നി, ശിയാ, കുർദ്, തുർക്കോമൻ വംശജർ അതാതിടങ്ങളിൽ പ്രതിസന്ധി നേരിടുന്നു. സുഡാനിലാകട്ടെ ഫർ, സഗാവ, ദിൻക, ന്യൂബ തുടങ്ങിയ വംശീയ ന്യൂനപക്ഷങ്ങളാണ് സഹനത്തിന്റെ വഴിയിലുള്ളത്. അഫ്ഗാനിൽ ഹസാരകളും പഷ്തൂൺ, തജിക്, ബലൂച്, ഉസ്ബെക് വംശജരും പ്രശ്നത്തിലാണ്.

ഈ ലിസ്റ്റിൽ നൈജീരിയ, കോംഗോ, ബർമ്മ, ഏത്യോപ്യ, ചാഡ്, ശ്രീലങ്ക തുടങ്ങി ഒട്ടേറെ രാജ്യങ്ങളുണ്ട്. ഇവിടങ്ങളിലൊക്കെയും കടുത്ത വംശീയ അധിക്ഷേപം നടന്നുകൊണ്ടിരിക്കുകയാണ്. 2007-ൽ ഇത്തരം പീഡനങ്ങൾ ഏറ്റവുമധികം വർദ്ധിച്ചത് ശ്രീലങ്കയിലും പാക്കിസ്ഥാനിലുമാണെന്ന് (MRG) കണ്ടെത്തിയിരിക്കുന്നു. ബർമ്മയിലെ ജനാധിപത്യവാദികളും ബുദ്ധഭിക്ഷുക്കളും നേരിടേണ്ടിവരുന്ന കൊടിയ പീഡനങ്ങൾക്ക് പുറമേ ചില പ്രത്യേക ന്യൂനപക്ഷ വിഭാഗങ്ങളായ കച്ചിൻ, കരൺ, ഷാൻ, ചിൻ തുടങ്ങിയവ വർദ്ധിച്ച പീഡനങ്ങൾ നേരിടുകയാണ്. ഇവിടെ രാഷ്ട്രീയമായ പീഡനതന്ത്രങ്ങളും അടിച്ചമർത്തലുകളും ലോകം ശ്രദ്ധിക്കുന്നുണ്ടെങ്കിലും വംശീയ-മത ന്യൂനപക്ഷങ്ങളെ ആക്രമിക്കുന്നത് ആരുമറിയുന്നതേയില്ല.



*അക്രമികൾ തകർത്ത അഹ്മദിയ്യാ പള്ളി*

**വിവിധ മുസ്‌ലിം വിഭാഗങ്ങൾ-2**

# സുലൈമാനി ബോറകൾ

ദാവൂദിബോറകളുടേതിന് തുല്യമായി നിലനില്ക്കുന്ന മറ്റൊരു വിഭാഗം ശിയാക്കളാണ് സുലൈമാനി ബോറകൾ. ശിയാക്കളുടെ പ്രധാന വിഭാഗങ്ങളിലൊന്നായ ത്വൽവികളിൽ പ്പെട്ട ഉപവിഭാഗമാണ് ഇസ്മായീലികൾ. ഇക്കൂട്ടരുടെ ഉപവിഭാഗമാണ് നിസാറികളും, സ്യൂസികളും, മുസ്താലികളും. ഇക്കൂട്ടത്തിൽ മുസ്താലി വിഭാഗത്തിലാണ് സുലൈമാനിബോറകൾ ഉൾപ്പെടുന്നത്. ത്വയ്യിബി ഇമാമുമാരുടെ കൂട്ടത്തിൽ 26-ാം സ്ഥാനക്കാരനായ (ദായി-എ-മുൽതഖ്) ദാദ്ബിൻ അജബ്ഷാ നിര്യാതനായപ്പോൾ ഉടലെടുത്ത നേതൃസ്ഥാനത്തേക്കുള്ള മത്സരമാണ് സുലൈമാനി ബോറകളുടെ ഉത്ഭവത്തിന്റെ കാരണം.

ഈ മത്സരത്തെ തുടർന്ന് 1592-ൽ സുലൈമാനികളും, ദാവൂദികളും രണ്ടായിപ്പിരിഞ്ഞു. 27-ാമത്തെ ഫാത്വിമി-ത്വയ്യിബി ഇമാമായി സ്ഥാനമേറ്റെടുത്ത സയ്യദ്നാ സുലൈമാൻ ബിൻ ഹസ്സനെ പിന്തുടർന്നവരാണ് സുലൈമാനികൾ. സുലൈമാൻ ബിൻ ഹസ്സൻ, അജബ് ഷാ നേതൃത്വത്തിലുള്ളപ്പോൾ ഉപനേതാവായിരുന്നു. ഇദ്ദേഹം യമൻ ആസ്ഥാനമാക്കിയാണ് പ്രവർത്തിച്ചിരുന്നത്. ഇതേസമയത്തുതന്നെ അജബ് ഷായുടെ മറ്റൊരു ഉപനേതാവായിരുന്ന ദൗദ് ബർഹാനുദ്ദീൻ കുത്തുബ്ഷായോടാണ് സുലൈമാൻ ബിൻ ഹസ്സൻ നേതൃസ്ഥാനത്തിന് വേണ്ടി മത്സരിച്ചത്. ഇവരുടെ വാദപ്രതിവാദം അക്കാലത്തെ മുഗൾചക്രവർത്തി അക്ബറിന്റെ സമക്ഷത്തിലെത്തിയെങ്കിലും ഒരു അന്തിമതീരുമാനം വരുന്നതിനുമുമ്പേ, സുലൈമാൻ ബിൻ ഹസ്സൻ ദുരൂഹമായ സാഹചര്യത്തിൽ ലാഹോറിൽവച്ച് കൊല്ലപ്പെട്ടു. ചുരുക്കത്തിൽ യമനിലെ ബഹുഭൂരിപക്ഷവും ഇന്ത്യയിലെ ന്യൂനപക്ഷവും സുലൈമാൻ ബിൻഹസ്സന്റെ വിഭാഗമായിത്തുടർന്നു. അവരാണ് സുലൈമാനിബോറകൾ.

ഇപ്പോൾ സുലൈമാനികൾ ലോകത്താകമാനം മുന്ന്ലക്ഷത്തോളം വരും. ഇതിൽതന്നെ ഏറ്റവും കൂടുതൽ കാണപ്പെടുന്നത് സൗദി അറേബ്യയിലെ നജറാനിലും വടക്കുപടിഞ്ഞാറൻ യെമനിലും ആണ്. ഇന്ത്യ, പാക്കിസ്ഥാൻ, ഗൾഫ് നാടുകൾ തുടങ്ങിയ ഇടങ്ങളിലും പരിമിതമായ തോതിൽ സുലൈമാനി ബോറകളെ കാണാം. ഇന്ത്യയിലെ ഇവരുടെ കേന്ദ്രം മുംബൈ ആണ്. 1973 വരെ ഗുജറാത്തിലെ ബറോഡയായിരുന്നു സുലൈമാനികളുടെ ഇന്ത്യൻ ആസ്ഥാനം.

സുലൈമാനികൾ സംസാരിക്കുന്നത് അതാത് രാജ്യങ്ങളിലെ ഭാഷതന്നെയാണ്. ദാവൂദിബോറകളെപ്പോലെ പ്രത്യേകഭാഷയോ, ഏകീകൃത വസ്ത്രധാരണശൈലിയോ ഇവർക്കില്ല. ഇപ്പോഴത്തെ സുലൈമാനി ഇമാം സയ്യ്ദുനാ അൽ-ഫഖ്റി അബ്ദുല്ലാഹ് ആണ്. ഇന്ത്യയിൽ മുംബൈയിലും, ഹൈദരബാദിലുമായി രണ്ട് ഉപനേതാക്കളുണ്ട് സുലൈമാനികൾക്ക്.

*(പേജ് 5-ൽനിന്ന്)*

എന്നിങ്ങനെ വിവിധ മേഖലകളിൽ ഇവർ വിവിധ കാര്യങ്ങൾക്കായി ഏറ്റുമുട്ടാറുണ്ട്. അടുത്തകാലത്തായി ശിയാകക്ഷികളിലെ വിരുദ്ധവിഭാഗങ്ങളായ ഇസ്‌ലാമിക് സുപ്രീം കൗൺസിൽ ഓഫ് ഇറാഖിന്റെയും മുക്താദ അൽ സദറിന്റെയും സൈന്യങ്ങൾ പക്ഷേ, താൽക്കാലികമായി ഐക്യത്തിലായി. എന്നാലിത് ബസ്ര ഗവർണ്ണർ മുഹമ്മദ് മുസബ്ബിഹ് അൽവാലിയെ പുറത്താക്കാനായിരുന്നുവെന്ന് മാത്രം.

ബസ്ര ഗവർണർ നിരന്തരം വധശ്രമങ്ങളെ അഭിമുഖീകരിച്ചുകൊണ്ടിരിക്കുകയാണ്. ആരാണ് വധോദ്യമങ്ങൾക്ക് പിറകിലെന്ന് ഗവർമ്മെന്റിന് വ്യക്തമല്ല. പക്ഷേ, പരസ്പരം പോരടിക്കുന്ന വിമത സംഘടനകളാണെന്ന് മാത്രം ഉറപ്പുണ്ട്.

വർദ്ധിച്ചുവരുന്ന ക്രമസമാധാന രാഹിത്യം ബസ്രയിലെ സാധാരണജനജീവിതത്തെ പ്രതികൂലമായി ബാധിക്കുന്നുണ്ട്. പോലീസ് സേനയിൽതന്നെ കുറ്റവാളികളുണ്ട്. ഇക്കൂട്ടത്തിൽ ഒരാളാണ് അബൂ മുസ്‌ലിം എന്നറിയപ്പെടുന്ന അബ്ദുല്ല നജീം. ഇദ്ദേഹത്തിനെതിരെ തട്ടിക്കൊണ്ടുപോകൽ, ശാരീരിക പീഡനം, കൊലപാതകം തുടങ്ങി നിരവധി കുറ്റകൃത്യങ്ങൾക്ക് കേസെടുത്തിട്ടുണ്ട്. പക്ഷേ, അബൂ മുസ്‌ലിം ഇപ്പോഴും സ്വതന്ത്രനായി ബസ്രയിൽ കഴിയുന്നു. രസകരമായിട്ടുള്ളത്, ഇയാൾ ഇപ്പോഴും ബസ്രയുടെ പോലീസ് സേനയിൽ അംഗമാണ് എന്നതത്രെ. ഇത്തരത്തിലുള്ള ആളുകൾക്ക് മുക്താദ അൽ സദറിന്റെ മെഹദി സേനയിലുള്ള ആളുകളുടെ സംരക്ഷണം ലഭിക്കുന്നതായി സംശയിക്കുന്നുണ്ട്.

2004-ലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പ് മെഹ്ദി സേന ബഹിഷ്കരിച്ചിരുന്നു. അതിനാൽ ബസ്രയിലെ പ്രാദേശിക ഭരണകൂടത്തിൽ ഔദ്യോഗിക പ്രാതിനിധ്യം ഇവർക്കില്ല. ഈ കുറവ് നികത്താനായി വിവിധ രംഗങ്ങളിലെ ഉയർന്ന ജോലികളിൽ തങ്ങളുടെ ആളുകളെ കുത്തിത്തിരുകുകയാണ് മുക്താദയുടെ സൈന്യം. ഇക്കൂട്ടത്തിൽ ഏറ്റവും കൂടുതൽ ആളുകൾ നുഴഞ്ഞുകയറിയിട്ടുള്ളത് പോലീസിലാണ്. പോലീസിന്റെ കീഴിലുള്ള ബസ്രയിലെ ജയിലുകൾ പലതും ഇത്തരം തീവ്രവാദികളുടെ കൈയിലാണെന്ന് കരുതപ്പെടുന്നു. ഇവയിൽ പലതിലും ഗുരുതരമായ മനുഷ്യാവകാശ ലംഘനങ്ങൾ സംഭവിക്കാനിടയുണ്ടെന്ന് ചില യൂറോപ്യൻ നിരീക്ഷകർ ഭയക്കുന്നുണ്ട്. ഇറാഖി പട്ടാളക്കാരെപ്പോലും റാഞ്ചുന്ന തരത്തിലാണ് ബസ്രയിലെ വിമത സംഘടനകളുടെ പ്രവർത്തനം. പോലീസ് പട്ടാളത്തെ റാഞ്ചുന്നത് അസംഭവ്യമായിത്തോന്നാം. പക്ഷേ, ഇന്നത്തെ ബസ്ര ഇങ്ങനെയൊക്കെയാണ്.

അടുത്തകാലത്തായി ഇറാഖി സേനയുടെ മേധാവി ജനറൽ ഫഹദ് അൽ ഫ്രാജിയുടെ പഴയ ഷാത്ത് അൽ അറബ് ഹോട്ടലിലുള്ള ഓഫീസ് ഒരു സംഘം ആയുധധാരികൾ കയ്യേറി. അടുത്തകാലത്തായി ബസ്രയിൽ കണ്ടുവരുന്ന 'അൽ സയ്യ അൽ മഹ്ദി' എന്ന സായുധ സംഘത്തിലുള്ളവരായിരുന്നു ഇവർ. മണിക്കൂറുകൾ നീണ്ട പോരാട്ടത്തിന് ശേഷമാണ് ബസ്രയിലെ സേനാവിഭാഗങ്ങൾക്ക് ഇവരെ തുരത്താനായത്. ജനറൽ ഫഹദ് ഇത്തരം സംഭവങ്ങളിൽ ഖിന്നനാണ്. തന്റെ സൈന്യത്തിൽ പ്പോലും 30% ആളുകൾ തീവ്രവാദികളുടെ പക്ഷമാണെന്നാണ് അദ്ദേഹത്തിന്റെ കണ്ടെത്തൽ. ബസ്രയിലെ പോലീസ് മേധാവി ജലീൽ ഖലഫ്ഫും ഇതേ പ്രശ്നത്തിലാണ്. തന്റേതന്നെ കീഴ്ജീവനക്കാർ ഏതുനിമിഷവും തന്നെ വധിച്ചേക്കുമെന്ന് ജലിൽ വിശ്വസിക്കുന്നു. പത്തോളം വധശ്രമങ്ങൾ ഇപ്പോൾത്തന്നെ നടന്നുകഴിഞ്ഞു. ബസ്രയിലെ പോലീസിന്റെ അനേകം തോക്കുകളും വാഹനങ്ങളും നഷ്ടപ്പെട്ടിട്ടുണ്ട്. ഇവ ശിയാ രാഷ്ട്രീയകക്ഷികൾ മുഖേന സായുധ-തീവ്രവാദ സംഘടനകളുടെ കൈവശമാണിപ്പോഴുള്ളത്.

പ്രതിമാസം

വാർത്താവിശകലനം

*ഷാജിർ അഹ്മദ്*

# ഫിദൽ കാസ്ട്രോ- കറുപ്പും വെളുപ്പും

*ഫിദൽ കാസ്ട്രോ സ്ഥാനമൊഴിഞ്ഞത് സാർവ്വത്രികമായി ലോകമാധ്യമങ്ങൾ ആഘോഷിച്ചു. 1959 മുതൽ 2008 ഫെബ്രുവരി വരെ നീണ്ട ഒരു കാലഘട്ടത്തിന്റെ പരിസമാപ്തിയിൽ തന്റെ അനുജനായ റൗൾകാസ്ട്രോയെ ഭരണമേൽപിച്ചുകൊണ്ടാണ് കാസ്ട്രോ പിന്മാറുന്നത്. അധികാരകൈമാറ്റത്തിന് പ്രസക്തി വർദ്ധിക്കുന്നത് കാസ്ട്രോ ഭരണത്തിന്റെ നന്മതിന്മകൾ ക്യൂബ എന്ന രാജ്യത്തെ എങ്ങനെ സ്വാധീനിക്കുന്നുവെന്ന് പരിശോധിക്കുമ്പോഴാണ്.*

*കാസ്ട്രോയും കൂട്ടരും ക്യൂബയിലെ ബാറ്റിസ്റ്റ ഭരണകൂടത്തെ അട്ടിമറിച്ചുകൊണ്ടാണ് ഭരണം ഏറ്റെടുക്കുന്നത്. തുടർന്നിങ്ങോട്ടുള്ള ക്യൂബയുടെ നിലനില്പ് അമേരിക്കൻ നേതൃത്വത്തിലുള്ള സാമ്രാജ്യത്വ ചേരിയുമായുള്ള നിരന്തര സംഘർഷത്തിലൂടെയായിരുന്നു. കാസ്ട്രോയുടെ അധികാരാരോഹണത്തിന്റെ ആദ്യഘട്ടം തന്നെ ക്യൂബയിൽ അമേരിക്കൻ കമ്പനികളെ നേരിട്ടുകൊണ്ടായിരുന്നു. യുണൈറ്റഡ് ഫ്രൂട്ട്സ് തുടങ്ങിയ അമേരിക്കൻ കമ്പനികളുടെ നികുതിവെട്ടിപ്പിനെതിരെ എടുത്ത നടപടികൾ വലിയ കോലാഹലമുണ്ടാക്കി. ക്രമേണ സോവിയറ്റ് ചേരിയിലേക്ക് മാറിയ കാസ്ട്രോ അവകാശപ്പെട്ടത് സുതാര്യമായ ജനാധിപത്യമാണ് തങ്ങളുടേതെന്നായിരുന്നു. 1960–ൽ ക്യൂബയിൽനിന്നുള്ള പഞ്ചസാര ഇറക്കുമതിയുടെ വലിയ ഭാഗം പ്രസിഡന്റ് ഐസനോവർ വെട്ടികുറച്ചപ്പോൾ കാസ്ട്രോ പ്രതികരിച്ചത് ക്യൂബയിലെ 850 മില്യൺ ഡോളറിന്റെ അമേരിക്കൻ സ്വത്തുക്കളും, ബിസിനസ്സും ദേശസാല്ക്കരിച്ചുകൊണ്ടായിരുന്നു.*

*1962–ലെ ക്യൂബൻ മിസ്സൈൽ പ്രതിസന്ധിയോടെ ഇരുരാജ്യങ്ങളുടെയും ബന്ധം തീർത്തും വഷളായി. ഈ ഘട്ടങ്ങളിലൊക്കെയും കാസ്ട്രോയുടെ ജീവൻ നിരന്തരം ഭീഷണി നേരിടുകയായിരുന്നു. ഒട്ടാകെ 638 വധശ്രമങ്ങൾ നേരിട്ട കാസ്ട്രോ നിരന്തരം യു. എസിനെ വെല്ലുവിളിച്ചു. ഈ തുടർച്ചയായ അമേരിക്കൻ വിരുദ്ധ പരിപാടികൾ ക്യൂബയെ ഇടതുപക്ഷ ആശയക്കാരുടെ പ്രതിക്ഷയായി വളർത്തി. എന്നാൽ, ഇതിനിടെ പുറത്തുവന്ന റിപ്പോർട്ടുകളിൽ പലതും ക്യൂബയിലെ മാനുഷിക സമീപനത്തിന്റെ അഭാവം കാണിച്ചുതന്നു. കാസ്ട്രോയുടെ ഒട്ടേറെ രാഷ്ട്രീയ ശത്രുക്കൾ കൊല്ലപ്പെടുകയോ, ജയിൽശിക്ഷക്കു വിധേയരാക്കപ്പെടുകയോ ചെയ്തിട്ടുണ്ട്. മറ്റു ചിലരെ പ്രതിവിപ്ലവകാരികളെന്നോ, സി.ഐ.എ ചാരന്മാരെന്നോ മുദ്രകുത്തി വിചാരണ ചെയ്തിട്ടുമുണ്ട്. പ്രതിവിപ്ലവകാരികളെ തടവിൽ പാർപ്പിച്ചിരുന്ന ഏതാനും ക്യാമ്പുകൾതന്നെ ക്യൂബയിൽ പ്രവർത്തിച്ചിരുന്നു.*

*1992–വരെ ക്യൂബയിൽ മതവിശ്വാസം നിയന്ത്രണങ്ങൾക്ക് വിധേയമായിരുന്നു. പിന്നീട് ഇതിൽ പല ഇളവുകളും നല്കുകയുണ്ടായി. പിന്നീട് 1998–ൽ ക്രിസ്തുമസ്സിനെ ഔദ്യോഗിക ആഘോഷമായി അംഗീകരിക്കുകയും ചെയ്തു. തന്റെ നിലപാടുകളെ സ്വയം കാസ്ട്രോ തള്ളിക്കളഞ്ഞില്ലെങ്കിലും ഭരണത്തിന്റെ അവസാന കാലമായപ്പോഴേക്കും വലിയ മാറ്റങ്ങൾ കാണിച്ചിട്ടുണ്ട്. എന്നാൽ, താൻ പറഞ്ഞുവന്നതിന്റെ എതിർവശത്തായി രാഷ്ട്രീയ പ്രതിയോഗികൾ നിലകൊള്ളുന്നത് കാസ്ട്രോ ഇഷ്ടപ്പെട്ടതേയില്ല. ചുരുക്കത്തിൽ ജനാധിപത്യത്തിന്റെ ഘടന നിലനിർത്തിക്കൊണ്ട് ഏകാധിപത്യത്തിന്റെ കറുത്ത നിലങ്ങളിലേക്ക് ക്യൂബൻജനതയെ കാസ്ട്രോ വഴിനടത്തി. അതിനിടെ അമേരിക്കയിലെ ഫോസ്സ് മാസിക ലോകത്തിലെ വൻസമ്പന്നന്മാരുടെ പട്ടികയിൽ കാസ്ട്രോയെ ഉൾപ്പെടുത്തുകയും ചെയ്തു.*

*കാസ്ട്രോവിരുദ്ധരായ ഒട്ടേറെയാളുകൾ ലോകത്തിന്റെ വിവിധ രാജ്യങ്ങളിൽ, പ്രത്യേകിച്ച് അമേരിക്കയിൽ സജീവമാണ്. ഇതൊക്കെയാണെങ്കിലും സാമ്രാജ്യത്വ വിരുദ്ധ പ്രവർത്തകർക്ക് പിൻബലവും ആവേശവുമായിരുന്നു കാസ്ട്രോ. കമ്മ്യൂണിസം എന്നത് ഏകാധിപത്യത്തിലേക്കുള്ള യാത്രയാണെന്ന സന്ദേശം ലോകജനതയ്ക്ക് മനസ്സിലാക്കാൻ പറ്റുന്നതരത്തിൽ ഒരുദാഹരണം കൂടിയായി കാസ്ട്രോ. മനുഷ്യനിർമ്മിതമായ ഇസങ്ങളുടെ അപരിമിതികൾ ഇത്തരം ഭരണാധികാരികൾ തെളിയിച്ചിട്ടുണ്ട്. തന്റെ അമേരിക്കൻ വിരുദ്ധ നിലപാടുകളിലൂടെ വലിയൊരളവ് ബഹുജന പങ്കാളിത്തം നേടിയെങ്കിലും ഫിഡൽ കാസ്ട്രോ ആരോപണങ്ങളിൽ വിഷമിക്കേണ്ടിവന്നത് നമുക്കിവിടെ ചേർത്തുവായിക്കാം.*

# കേന്ദ്രപ്രതിനിധികൾ സന്ദർശിച്ചു

**അലനെല്ലൂർ:** നാസിർ ബയ്ത്തുൽമാൽ ജലാലുദ്ദീൻ സാഹിബ് നയ്യർ ഫെബ്രുവരി 11–ന് പ്രാദേശിക ജമാഅത്ത് സന്ദർശിച്ചു. മഗ്രിബ്നുശേഷം പള്ളിയിൽ ചേർന്ന യോഗത്തിൽ അദ്ദേഹം പ്രസംഗിച്ചു. ഹുസൂർ തിരുമനസ്സ് ഇക്കാലഘട്ടത്തിൽ നമുക്ക് മുമ്പാകെ നിർദ്ദേശിച്ചിട്ടുള്ള വസിയ്യത്ത് പദ്ധതിയിൽ ഭാഗഭാക്കാകുമ്പോൾ, ആത്മീയമായി പൂർണ്ണത നേടിയ പദ്ധതിയിലാണ് നാം അണിചേരുന്നതെന്നും പ്രാദേശിക ജമാഅത്തിൽ ഹുസൂറിന്റെ ടാർജറ്റ് 50%ൽ അധികം പൂർത്തിയായതിനെ അഭിനന്ദിച്ച അദ്ദേഹം, ഇനിയും ബാക്കിയുള്ളവർ ഈ അവസരം പ്രയോജനപ്പെടുത്തണമെന്നും, എങ്കിൽ മാത്രമേ മറ്റു ജമാഅത്തുകളിലുള്ള ടാർഗറ്റിന്റെ കുറവ് നികത്താൻ സാധിക്കുകയുള്ളൂവെന്ന് അദ്ദേഹം പറഞ്ഞു. പ്രസംഗം മൗലവി ഖമറുദ്ദീൻ സാഹിബ് പരിഭാഷപ്പെടുത്തി. ഇൻസ്പെക്ടർ കെ. നാസിർ സാഹിബും പ്രസംഗിച്ചു.



ഫെബ്രുവരി 25–ന് ഡോക്ടർ ആരിഫ് സാഹിബ് നംഗലി (നാസിർ, ജൽസസാലാനാ) ഹാഫിസ് മസ്ഹർ അഹ്മദ് (നാഇബ് നാസിർ വസിയ്യത്ത് ജൽസ സലാന) എന്നിവരുടെ സന്ദർശനത്തോടനുബന്ധിച്ച് ചേർന്ന യോഗത്തിൽ പ്രസിഡന്റ് എം. അബ്ദുൽ ഖാദിർ അധ്യക്ഷത വഹിച്ചു. സി. സിറാജുൽ മുനീർ ഖുർആൻ പാരായണം നടത്തി. അൽ വസിയ്യത്ത് സെക്രട്ടറി സി.പി. സിദ്ദീഖ് സാഹിബ് നന്ദി പ്രകാശിപ്പിച്ചു. മൗലവി ഖമറുദ്ദീൻ സാഹിബ് അതിഥികളെ പരിചയപ്പെടുത്തി.

ഹാഫിസ് മസ്ഹർ അഹ്മദ് സാഹിബ് ചെയ്ത പ്രസംഗത്തിൽ, വാഗ്ദത്ത മസീഹ് മുഖേനയുണ്ടായ രണ്ട് അനുഗ്രഹങ്ങളാണ് ഖിലാഫത്തും വസിയ്യത്തുമെന്നും നമ്മുടെ പുരോഗതികളും ആത്മീയചൈതന്യത്തിനും ഇവ ഉപകരിക്കുമെന്നും അദ്ദേഹം പറഞ്ഞു.

ഡോക്ടർ മുഹമ്മദ് ആരിഫ് സാഹിബ് ചെയ്ത പ്രസംഗത്തിൽ, വാഗ്ദത്ത മസീഹിന്റെ ആതിഥ്യമര്യാദയും അത്ഭുതദൃഷ്ടാന്തങ്ങളും ഖിലാഫത്ത് ജൂബിലി ജൽസ സാലാനയിൽ പങ്കെടുക്കേണ്ടതിന്റെ പ്രാധാന്യത്തെയും വിശദീകരിക്കുകയുണ്ടായി.

അൽവസിയ്യത്ത് പദ്ധതിയിൽ പ്രവേശിച്ചവർ എല്ലാംതന്നെ വിശുദ്ധഖുർആന്റെ അടിസ്ഥാനത്തിൽ പരിശുദ്ധജീവിതം നയിക്കണമെന്നും, വിശുദ്ധഖുർആൻ പാരായണത്തിലും ഇബാദത്തുദുആയിലും ഹിസ്സ ആമദ് ശറഫ് അനുസരിച്ച് നല്കുന്നതിലും വീഴ്ച വരുത്തരുതെന്നും വസിയ്യത്തിനെ ശരിയായ നിലയിൽ പ്രയോജനപ്പെടുത്തുന്നില്ലെങ്കിൽ നമ്മുടെ വസിയ്യത്ത് ദുർബലപ്പെട്ടുപോകുമെന്നും അദ്ദേഹം പറഞ്ഞു.

# കണ്ണൂർ സിറ്റി ലജ്ന മുസ്‌ലിഹ് മൗഊദ് ദിനയോഗം

**കണ്ണൂർ:** സിറ്റി ലജ്ന ഇമായില്ല വിപുലമായ രീതിയിൽ മുസ്‌ലിഹ് മൗഊദ് ദിനം കടലായിലെ റിസോർട്ടിൽ വച്ച് സംഘടിപ്പിച്ചു. സിറ്റി ജമാഅത്തിലെ 70–ഓളം അംഗങ്ങൾക്ക് പുറമെ മറ്റു മതസ്ഥരായി 6 സ്ത്രീകളും സമീപജമാഅത്തിലെ ചില ലജ്നാംഗങ്ങളും പങ്കെടുക്കുകയുണ്ടായി. കേരള നാസിറാത്ത് സെക്രട്ടറി ജുവൈരിയ സാഹിബ പരിപാടി ഉദ്ഘാടനം ചെയ്തു. മുഖ്യാതിഥിയായി ശാന്തിദീപം സ്കൂൾ അധ്യാപിക ജലറാണി ടീച്ചർ പങ്കെടുത്തു. കാമില ഗുൽനാർ, നദാചാൻ എന്നിവരുടെ വിജ്ഞാനദായകമായ പ്രസംഗങ്ങൾ ഉണ്ടായിരുന്നു.

മുഖ്യാതിഥി ജലറാണി ടീച്ചർ അഹ്മദിയ്യാ ജമാഅത്തിനെ കുറിച്ചുള്ള അറിവും 8 വയസ്സുള്ള കുട്ടികൾ മുതൽ അംഗങ്ങളാകുന്ന ഈ വനിതാ സംഘടന തന്നെ വളരെയേറെ സ്വാധീനിച്ചിട്ടുണ്ടെന്നും പറയുകയുണ്ടായി.

ഉച്ചയ്ക്കുശേഷം നടന്ന 'ഫുഡ് & ക്രാഫ്റ്റ് എക്സിബിഷൻ കം സെയിൽ' ശ്രദ്ധേയമായി. ലജ്നാംഗങ്ങൾ ഉണ്ടാക്കിക്കൊണ്ടുവന്ന ഭക്ഷണങ്ങളുടെ വില്പന നിമിഷനേരംകൊണ്ടുതന്നെ കഴിഞ്ഞു. ഗ്ലാസ്സ് പെയിന്റിംഗ്, ക്ലേപോട്ട്, എംബ്രോയിഡറി തുടങ്ങിയവയുടെ പ്രദർശനവും വില്പനയും നടന്നു. പിന്നീട് നടന്ന കായികമത്സരങ്ങളിൽ പ്രായഭേദമില്ലാതെ ലജ്നാംഗങ്ങളും നാസിറാത്ത് അംഗങ്ങളും പങ്കുകൊണ്ടു.

*(1–ാം പേജിൽ നിന്ന്)*

ആളുകളുടെ ശുദ്ധീകരണം നടന്നു. ഈ ശുദ്ധീകരിക്കപ്പെട്ടവർ മുന്നോട്ട് ജമാഅത്തുകളെ വികസിപ്പിച്ചു. അങ്ങനെ അവരുടെ ജമാഅത്ത് വളർന്നുകൊണ്ടേയിരുന്നു.

***ആഖരീന മിൻഹും ലമ്മായൽഹഖൂബിഹിം*** എന്ന വാക്യത്തിൽ എന്തിന് ബഹുവചനപദം ഉപയോഗിച്ചിരിക്കുന്നു എന്നതിനെക്കുറിച്ച് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: വരുന്നയാൾ ഒരാളായിരിക്കുകയില്ലെന്നും മറിച്ച്, അതൊരു ജമാഅത്തായിത്തീരുമെന്നും വെളിപ്പെടുത്താനാണ് ഇവിടെ ബഹുവചനപദം ഉപയോഗിച്ചിട്ടുള്ളത്. അവരിൽ അല്ലാഹു സത്യസന്ധമായ വിശ്വാസമുണ്ടാക്കും. അവർ സ്വഹാബാക്കളുടെ വിശ്വാസത്തിന്റെ നിറവും മണവും പ്രാപിക്കുന്നതാണ്."

മനശുദ്ധീകരണത്തിനും തിന്മയിൽനിന്ന് രക്ഷപ്പെടുന്നതിനും നമസ്കാരം ഒരു വലിയ മാർഗ്ഗമാണെന്ന് അല്ലാഹു പറഞ്ഞിരിക്കുന്നു. ഞാനോതിയ വചനത്തിൽ അവൻ പറയുന്നു: "***ഉത്‌ലൂമാ ഊഹിയ ഇലയ്ക്കമിനൽ കിത്താബി***" നിനക്ക് ദിവ്യസന്ദേശം മുഖേന നല്കപ്പെട്ട ഈ ഗ്രന്ഥത്തിൽ നിന്ന് ഓതുക, ഓതിക്കേൾപ്പിക്കുക. ***വ അഖിമിസ്സ്വലാത്ത്*** നമസ്കാരം നിലനിറുത്തുക. ***ഇന്നസ്സ്വലാത്ത തൻഹാ അനിൽ ഫഹ്ശായി വൽ മുൻകർ*** തീർച്ചയായും നമസ്കാരം നീചകൃത്യങ്ങളേയും നിഷിദ്ധകർമ്മങ്ങളേയും തടയുന്നതാണ്. ***വല ദിക്റുല്ലാഹി അക്ബർ*** അല്ലാഹുവിന്റെ സ്മരണ തീർച്ചയായും അതിമഹത്തരമാകുന്നു. ***വല്ലാഹു യഅ്‌ലമു മാ തസ്‌നഊൻ*** നിങ്ങൾ പ്രവർത്തിക്കുന്നത് അല്ലാഹു അറിയുന്നുമുണ്ട് (29:46).

ഹദ്റത്ത് മസീഹ് മൗഊദ്(അ) നമസ്കാരത്തിന്റെ പ്രാധാന്യത്തെ വിവരിച്ചുകൊണ്ട് വീണ്ടും പറയുന്നു: "നമസ്കരിക്കുന്നതുകൊണ്ട് സാത്താനികമായ ബലഹീനതകൾ അകലുന്നു. അങ്ങനെയുള്ള ഒരു പുണ്യകർമ്മമാണ് നമസ്കാരം. ഇതിന്റെ പേരാണ് പ്രാർത്ഥന. ശയ്ത്വാൻ ആഗ്രഹിക്കുന്നത് മനുഷ്യൻ നമസ്കാരത്തിൽ ദുർബലനായിരിക്കണമെന്നാണ്. കാരണം നന്നാകാനുള്ള എല്ലാ പ്രവർത്തിയും നിങ്ങൾ ചെയ്യുന്നത് ഇതുമുഖേനയായിരിക്കുമെന്ന് അവനറിയാം. അതിനായി പരിശുദ്ധവും പവിത്രവുമായിരിക്കേണ്ടത് നിബന്ധനയാണ്. മാലിന്യങ്ങൾ മനുഷ്യനിൽ നിലനില്ക്കുവോളം ശയ്ത്വാൻ അവനെ പ്രേമിച്ചുകൊണ്ടേയിരിക്കും.'' വീണ്ടും പറയുന്നു: "നിങ്ങളുടെ മനസ്സുകളിൽ അല്ലാഹുവിനോടുള്ള സ്നേഹത്തിന്റേയും അവന്റെ മഹത്വത്തിന്റേയും പരമ്പര തുടർന്നുകൊണ്ടേപോകുക. ഇതിനായി നമസ്കാരം പോലെ ഗുണം ചെയ്യുന്ന മറ്റൊരു പ്രവർത്തിയുമില്ല. കാരണം നോമ്പ് വരുന്നത് ഒരു വർഷത്തിനുശേഷമാണ്. സക്കാത്ത്, കഴിവുള്ളവനാണ് കൊടുക്കേണ്ടത്. എന്നാൽ, ഓരോ നിലയിലുള്ള മനുഷ്യനും അഞ്ചുനേരവും അനുഷ്ഠിക്കേണ്ടിവരുന്ന കർമ്മമാണ് നമസ്കാരം. അതിനെ ഒരിക്കലും നഷ്ടപ്പെടുത്തിക്കളയരുത്. അത് ആവർത്തിച്ചാവർത്തിച്ച് അനുഷ്ഠിക്കുക;

അടിസ്ഥാനപരമായ കാര്യമാണ് ഇവിടെ പറഞ്ഞിട്ടുള്ളത്. അതായത് നമസ്കാരത്തെ കാത്തുസൂക്ഷിക്കുക, പ്രത്യേകിച്ച് മധ്യമനമസ്കാരത്തെ ശ്രദ്ധിക്കുക. വിവിധ വ്യാഖ്യാതാക്കൾ മധ്യമനമസ്കാരത്തെക്കുറിച്ച് തങ്ങളുടെ താൽപര്യപ്രകാരം വ്യാഖ്യാനമെഴുതിയിട്ടുണ്ട്. അല്ലെങ്കിൽ അവരുടെ അറിവനുസരിച്ച്. ചിലർ തഹജ്ജുദ് നമസ്കാരമാണെന്നും ചിലർ സുബ്ഹി നമസ്കാരമാണെന്നും ചിലർ ളുഹ്ർ നമസ്കാരമാണെന്നും ചിലർ അസ്വ്ർ നമസ്കാരമാണെന്നും പറഞ്ഞിട്ടുണ്ട്. പക്ഷേ, എന്തായാലും ഇവിടെ അടിസ്ഥാനപരമായൊരു നിർദ്ദേശമാണ് നല്കിയിരിക്കുന്നത്. അതായത്, സ്വലാത്തുൽവുസ്തായെ കാത്തുസൂക്ഷിക്കുക. ഓരോരുത്തരുടേയും അവസ്ഥയ്ക്കനുസരിച്ച് നോക്കുമ്പോൾ ഭൗതികജോലിയിൽ മുഴുകിയിരിക്കുമ്പോഴോ മടിപിടിച്ചിരിക്കുമ്പോഴോ വരുന്ന നമസ്കാരമാണ് മധ്യമനമസ്കാരം. അപ്പോൾ അവന്റെ ശ്രദ്ധയെ നമസ്കാരത്തിനു പകരം മറ്റുള്ള കാര്യത്തിലേക്ക് ശയ്ത്വാൻ കൊണ്ടുപോകുന്നു. ആ സമയത്ത് നാം ശയ്ത്വാനിൽ നിന്ന് രക്ഷപ്പെടുകയും നമ്മുടെമേൽ ആധിപത്യം സ്ഥാപിക്കാൻ അവനെ അനുവദിക്കാതിരിക്കുകയും ചെയ്താൽ, നമ്മൾ നമസ്കാരത്തെ കാത്തുസൂക്ഷിക്കുന്നവരായി എന്ന് മനസ്സിലാക്കിക്കൊള്ളുക.

ഹദ്റത്ത് മസീഹ് മൗഊദ്(അ) ***ഇന്ന മഅൽ ഉസ്‌രി യുസ്‌റാ*** എന്നു പറയുകയുണ്ടായി. അതുകൊണ്ടുള്ള ഉദ്ദേശ്യം ഒരു സത്യവിശ്വാസിക്ക് സുബ്ഹി നമസ്കാരത്തിൽ അലസനാകാൻ പാടില്ല എന്നതാണ്. ഇത് കാര്യങ്ങൾ എളുപ്പമാക്കിത്തീർക്കുന്ന സമയമാണ്. ഇതിനെ പ്രയോജനപ്പെടുത്തേണ്ടതാണ്. നിങ്ങളുടെ കിടക്കകളെ നിങ്ങളുടെ വിശ്രമത്തിന്റെ സ്ഥലമായി മനസ്സിലാക്കരുത്. ഇങ്ങനെയുള്ള അവസ്ഥയാണ് ഒരു സത്യവിശ്വാസിയിൽ വിപ്ലവമുണ്ടാക്കുന്നതിന് കാരണമായിത്തീരുന്നത്. അതുകൊണ്ട് നമസ്കാരം ആത്മീയാവസ്ഥ നന്നാക്കിത്തീർക്കുന്നതിന് അടിസ്ഥാനപരമായ കാര്യമാണെന്നത് നാം ഒരിക്കലും മറക്കാൻ പാടില്ല. ഇതുകൂടാതെ മനുഷ്യന്റെ സൃഷ്ടിയുദ്ദേശ്യം പൂർത്തീകരിക്കപ്പെടുകയില്ല. അതുകൊണ്ട് ഓരോ അഹ്മദിയും അഞ്ചുനേര നമസ്കാരം കൃത്യസമയത്ത് അനുഷ്ഠിക്കാൻ ശ്രമിക്കേണ്ടതാണ്. പൂർണ്ണമായും അതിനായി ശ്രമിക്കണം. കാരണം നിശ്ചിതനേരത്ത് അതനുഷ്ഠിക്കേണ്ടതാണെന്ന് സത്യവിശ്വാസിയോട് അല്ലാഹു കല്പിച്ചിരിക്കുന്നു. വിശുദ്ധഖുർആനിൽ അല്ലാഹു പറയുന്നു. ***ഇന്നസ്സ്വലാത്ത കാനത്ത് അലൽ മുഅ്മിനീന കിതാബൻമ്മൗഖൂത്താ***. നിശ്ചയമായും നമസ്കാരം സത്യവിശ്വാസികൾക്ക് സമയനിർണ്ണയം ചെയ്യപ്പെട്ട ഒരു നിർബ്ബന്ധകൃത്യമാകുന്നു (4:104).

Published by Shefi Ahmad, North Ilaqa Qaid for Majlis Khuddamul Ahmadiyya. Chief Editor - Ashique Thotton, Editor - Shajir Ahamed. T, Kannur.